27
2026
നവംബർ
വെള്ളി
വൃശ്ചികം 11

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 220 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-220 പേജ് 4. വില 2.00 രൂപ



02 ▶ ദ്വിദിന കേരള സന്ദർശനത്തിന് രാഷ്ട്രപതി ഇന്ന് എത്തും

03 ▶ നാലുവയസുകാരിക്ക് കുടിക്കൻ നൽകേണ്ട മരുന്ന് ഞരമ്പിൽ കുത്തിവച്ചു

04 ▶ സുപ്രീംകോടതി വിധിയെ സ്വാഗതം ചെയ്ത് റാപ്പിഡോ

മഴയിൽ മുങ്ങി തലസ്ഥാനം

ശക്തമായ മഴയ്ക്ക് സാധ്യത



തിരുവനന്തപുരം: സംസ്ഥാനത്ത് കനത്ത മഴയുണ്ടാകുമെന്ന് മുന്നറിയിപ്പ്. വ്യാഴാഴ്ച ഒൻപത് ജില്ലകളിൽ മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട് ജില്ലകളിലാണ് മഞ്ഞ അലർട്ടുള്ളത്. കന്യാകുമാരി മേഖലയിൽനിന്ന് തമിഴ്നാടിനും കേരളത്തിനും കുറുകെ കർണാടകവരെ കിഴക്കൻ കാറ്റുമായി ബന്ധപ്പെട്ട് ന്യൂനമർദ പാത്തി സ്ഥിതിചെയ്യുന്നുണ്ടെന്നും ഇതിന്റെ സ്വാധീനഫലമായാണ് കനത്ത മഴയെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. വെള്ളിയാഴ്ച കോട്ടയം, ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഇടിമിന്നലും മണിക്കൂറിൽ 30-40 കിലോമീറ്റർ വേഗത്തിൽ ശക്തമായ കാറ്റും നിറഞ്ഞ മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് കാലാവസ്ഥാ പ്രവചനം. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് നിർദേശമുണ്ട്. അതേസമയം, കർണാടക തീരത്ത് മത്സ്യബന്ധനത്തിന് പോവുന്നതിൽ തടസ്സമില്ല.

തിരുവനന്തപുരത്ത് ഉൾപ്പെടെ കനത്ത മഴ തുടരുകയാണ്. തമ്പാനൂർ ഉൾപ്പെടെയുള്ള നഗരപ്രദേശങ്ങളിൽ കനത്ത വെള്ളക്കെട്ട് രൂപപ്പെട്ടു. കിഴക്കേകോട്ടയിൽ അരമണിക്കൂറിനിടെ പെയ്തത് 68 മില്ലിമീറ്റർ മഴയാണ്.

ടി. ഐ. മധുസൂദനന്റെ കൊലവിളി പ്രസംഗം; കേസെടുക്കാൻ ഡിജിപിയോട് നിർദേശിച്ച് ചെന്നിത്തല

തിരുവനന്തപുരം: മുൻ എം. എൽ. എ. ടി. ഐ. മധുസൂദനന്റെ കൊലവിളി പ്രസംഗത്തിൽ കേസെടുക്കാൻ നിർദേശംനൽകി ആഭ്യന്തര വകുപ്പ്. അജിത് ലാൽ എന്നയാളുടെ പരാതിയിലാണ് നടപടി. ക്രമസമാധാന ചുമതലയുള്ള എഡിജിപി പി. വിജയനോടാണ് കേസെടുക്കാൻ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല നിർദേശം നൽകിയത്.

സമൂഹത്തിൽ വലിയ ആശങ്കയുണ്ടാക്കുന്ന പ്രസംഗമാണിതെന്നും ബി. എൻ. എസ്. പ്രകാരം, പരസ്പരം ശത്രുത ഉണ്ടാക്കുന്ന വകുപ്പുകൾ ചുമത്താവുന്ന കുറ്റം പ്രസംഗത്തിൽ ഉണ്ടെന്നും ചൂണ്ടിക്കാട്ടിയായിരുന്നു അജിത് ലാൽ പരാതി നൽകിയത്. കണ്ണൂരിൽ രാഷ്ട്രീയ ആക്രമണത്തിന് ഇരയായി കൊല്ലപ്പെട്ട സജിത് ലാലിന്റെ സഹോദരനാണ് പരാതിനൽകിയ അജിത് ലാൽ. സജിത് ലാൽ കൊല്ലപ്പെട്ട കേസിൽ ടി. ഐ. മധുസൂദനൻ ആരോപണവിധേയനായിരുന്നു.

കൂത്തുപറമ്പ് രക്തസാക്ഷികളുടെ അനുസ്മരണ ദിനാചരണത്തിൽ സംസാരിക്കുമ്പോഴായിരുന്നു മധുസൂദനന്റെ പരാമർശം. 'കണക്ക് പറയുന്നത് കണക്ക് പറഞ്ഞുതന്നെ തീർക്കും. അതിനൊന്നും ഈ പ്രസ്ഥാനത്തിന് യാതൊരു മടിയുമില്ല. ഞങ്ങളെ പരിഹസിക്കുന്ന സോഷ്യൽ മീഡിയ ജീവികളില്ലേ, അവർ ആലോചിക്കണം.

നിങ്ങളുടെയൊന്നും വീട്ടിലേക്ക് വരാതിരിക്കാൻ ഞങ്ങൾക്ക് മനസ്സില്ലാത്തതുകൊണ്ടാണ്. ഞങ്ങളുടെ ക്ഷമ പരീക്ഷിച്ച് മുന്നോട്ടുപോകാൻ പരിശ്രമിക്കരുത്', എന്നായിരുന്നു മധുസൂധനന്റെ പരാമർശം

ജയിലുകളിൽ രാഷ്ട്രീയ പാർട്ടികളുടെ മുഖപത്രങ്ങൾക്ക് വിലക്ക്; ഉത്തരവിറക്കി ജയിൽ ഡിജിപി

തിരുവനന്തപുരം: സംസ്ഥാനത്തെ ജയിലുകളിൽ രാഷ്ട്രീയ പാർട്ടികളുടെ മുഖപത്രങ്ങളും അനുബന്ധ മാസികകളും വിതരണം ചെയ്യുന്നത് നിരോധിച്ച് ജയിൽ ഡിജിപി എസ്. ശ്രീജിത്ത് ഉത്തരവിറക്കി. വിലകൊടുത്തോ സ്പോൺസർഷിപ്പ് വഴിയോ ഇത്തരം പ്രസിദ്ധീകരണങ്ങൾ ജയിലുകളിൽ എത്തിക്കരുതെന്നാണ് സർക്കുലറിലെ കർശന നിർദേശം. ആഭ്യന്തര വകുപ്പിൻറെ നിർദേശപ്രകാരമാണ് നടപടി.

ജയിൽ ഉപദേശക സമിതി അംഗം നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം. സംസ്ഥാനത്തെ 55 ജയിലുകളിലും സിപിഎം മുഖപത്രമായ 'ദേശാഭിമാനി'യും അനുബന്ധ മാസികകളും വ്യാപകമായി വിതരണം ചെയ്യുന്നതിനെതിരെയായിരുന്നു പരാതി. ഇതുമൂലം തടവുകാർക്ക് നിഷ്പക്ഷവും സത്യസന്ധവുമായ വാർത്തകൾ ലഭിക്കുന്നില്ലെന്നും ആക്ഷേപമുയർന്നിരുന്നു.

ജയിൽ അന്തേവാസികൾക്ക് വസ്തുനിഷ്ഠവും രാഷ്ട്രീയ പക്ഷപാതരഹിതവുമായ വാർത്തകളും വിവരങ്ങളുമാണ് ലഭ്യമാക്കേണ്ടതെന്ന് ഉത്തരവിൽ വ്യക്തമാക്കുന്നു. ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ പ്രസിദ്ധീകരണങ്ങൾ ജയിലുകളിൽ വിതരണം ചെയ്യുന്നത് ഉചിതമല്ലെന്ന വിലയിരുത്തലിൻറെ അടിസ്ഥാനത്തിലാണ് നടപടി.

ശബരിമല തീർഥാടകർ സഞ്ചരിച്ച വാഹനം അപകടത്തിൽപ്പെട്ടു; അഞ്ചുപേർക്ക് പരിക്ക്

പത്തനംതിട്ട: ശബരിമല ദർശനം കഴിഞ്ഞ് മടങ്ങുകയായിരുന്ന തീർഥാടകർ സഞ്ചരിച്ച വാൻ നിയന്ത്രണം വിട്ട് മറിഞ്ഞ് കുട്ടിയടക്കം അഞ്ചുപേർക്ക് പരിക്ക്. വ്യാഴാഴ്ച വൈകുന്നേരം 3.45നുണ്ടായ അപകടത്തിൽ പരിക്കേറ്റവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പെരുനാട് വയറൻമരുതിയിൽ എസ്എൻഡിപി ശാഖാ കെട്ടിടത്തിലെ ശുചിമുറിക്ക് മുകളിലേക്കാണ് വാൻ മറിഞ്ഞത്. മലപ്പുറം തിരൂരിലേക്ക് പോകുകയായിരുന്ന 16 അംഗ തീർഥാടക സംഘമാണ് വാഹനത്തിലുണ്ടായിരുന്നത്. യാത്രയ്ക്കിടെ അൽപനേരം വിശ്രമിച്ചശേഷം മുന്നോട്ടെടുത്ത വാൻ 200 മീറ്ററോളം സഞ്ചരിച്ചപ്പോഴേക്കും ബ്രേക്ക് നഷ്ടപ്പെടുകയായിരുന്നു. നിയന്ത്രണംവിട്ട വാൻ റോഡരികിലെ ബാരിക്കേഡ് ഇടിച്ചുതകർത്ത ശേഷമാണ് കെട്ടിടത്തോട് ചേർന്നുള്ള ശുചിമുറിക്ക് മുകളിലേക്ക് മറിഞ്ഞത്. അപകടസമയത്ത് കെട്ടിടത്തിൽ ആരുമുണ്ടായിരുന്നില്ല. അതിനാൽ വൻ ദുരന്തം ഒഴിവായി. പൊലിസും ഫയർഫോഴ്സും സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചു.

ദേശീയ കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പ് തിരുവനന്തപുരത്ത്

കേന്ദ്ര കായിക മന്ത്രാലയത്തിന്റെ അംഗീകാരമുള്ള ഇന്ത്യൻ കളരിപ്പയറ്റ് ഫെഡറേഷൻ സംഘടിപ്പിക്കുന്ന 19-ാമത് ദേശീയ കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലെ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നവംബർ 27, 28, 29 തീയതികളിൽ നടക്കും. 20 സംസ്ഥാനങ്ങളിൽ നിന്നുള്ള ആയിരത്തോളം കളരി അഭ്യാസികൾ മത്സരത്തിൽ പങ്കെടുക്കുന്നു. സംസ്ഥാനതല മത്സരങ്ങളിൽ വിജയിച്ച ആദ്യത്തെ മൂന്നു സ്ഥാനക്കാരാണ് മത്സരാർത്ഥികൾ. മെയ്ത്താരി, കോൽത്താരി, അങ്കത്താരി വെറും കൈപ്പയറ്റ് തുടങ്ങിയ വിഭാഗത്തിലെ 10 ഇനങ്ങളിലാണ് മത്സരങ്ങൾ. സബ് ജൂനിയർ വിഭാഗത്തിന് ചുവട്, മെയ്പ്പയറ്റ്, ചവിട്ടി പൊങ്ങൽ ഇനങ്ങളിൽ മാത്രമാണ് മത്സരം.

27-ാം തീയതി രാവിലെ 10.30 മണിക്ക് സ്പോർട് അതോറിറ്റി ഓഫ് ഇന്ത്യ റീജിയണൽ ഡയറക്ടർ ഡോ.ശരത് ചന്ദ്രയാദവ് മത്സരങ്ങൾ ഉദ്ഘാടനം ചെയ്യും. സംസ്ഥാന കായിക യുവജന ക്ഷേമവകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ.പ്രദീപ്.സി.എസ് അധ്യക്ഷത വഹിക്കും. ലോക ബോക്സിംഗ് ചാമ്പ്യൻ ലേഖ.കെ.സി വിശിഷ്ടാതിഥിയായിരിക്കും.

29-ാം തീയതി നടക്കുന്ന സമാപന സമ്മേളനത്തിൽ ഗതാഗത വകുപ്പ് മന്ത്രി അഡ്വ.സി.പി. ജോൺ വിജയികൾക്ക് സമ്മാനങ്ങൾ നൽകും. കേരള യൂണിവേഴ്സിറ്റി ഫിസിക്കൽ എഡ്യൂക്കേഷൻ ഫാക്കൽറ്റി ഡീൻ ഡോ.റസിയ.കെ.ഐ അധ്യക്ഷത വഹിക്കും. പ്രൊഫ:എം.എസ്.രമേശൻ നായർ, ഡോ. സുമേഷ്.പി.ബി, ഡോ.അമ്പു ആർ.നായർ, എം.കെ.രാജഗോപാലൻ, അഡ്വ.കെ.ജി. വിധുമോഹൻ, അഡ്വ.ആർ.വസന്ത മോഹൻ, പി. ശശിധരൻ നായർ, എ.എം.കെ. നിസാർ, ജി. രാധാകൃഷ്ണൻ, കെ. സുനിൽകുമാർ, രഞ്ജൻ മുള്ളരാത്ത്, അസ്സാം കളരിപ്പയറ്റ് അസോസിയേഷൻ സെക്രട്ടറി പപ്പു ഖാൻ, ജമ്മുകാശ്മീർ കളരിപ്പയറ്റ് അസോസിയേഷൻ സെക്രട്ടറി ഡാനിഷ് ശർമ്മ എന്നിവർ പങ്കെടുക്കും.

ഇന്ത്യൻ ഭരണഘടന സമാനതകളില്ലാത്തത് മുഖ്യമന്ത്രി വി.ഡി. സതീശൻ

ഇന്ത്യയെ പോലെ വൈവിധ്യമാർന്ന ഒരു ജനാധിപത്യരാജ്യം അഭിമുഖീകരിക്കാവുന്ന എല്ലാ പ്രശ്നങ്ങളെയും വിഷയങ്ങളെയും മുൻകൂട്ടിക്കണ്ട് അവയെ അഭിസംബോധന ചെയ്ത സമാനതകളില്ലാത്ത ഭരണഘടനയാണ് നമ്മുടേതെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. കേരള സർവകലാശാലയിലെ ബി.ആർ. അംബേദ്കർ ചെയർ സെനറ്റ് ചേംബറിൽ സംഘടിപ്പിച്ച ഭരണഘടനാദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സമാനതകളില്ലാത്ത സ്വാതന്ത്ര്യസമരത്തിന്റെ ബാക്കിപത്രമാണെന്നതാണ് ഇന്ത്യൻ ഭരണഘടനയുടെ പൈതൃകം. കേവലം രാഷ്ട്രീയ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള സമരമായിരുന്നില്ല ഇന്ത്യൻ സ്വാതന്ത്ര്യസമരം, കാലങ്ങളായി നീതി നിഷേധിക്കപ്പെട്ടവരുടെ സാമൂഹിക നീതിക്ക് വേണ്ടിയുള്ള സമരമായിരുന്നു അത്. ഈ അടിത്തറയിൽ നിന്നാണ് ഭരണഘടന കെട്ടിപ്പടുത്തത്. വായിക്കുന്തോറും അത്ഭുതപ്പെടുത്തുന്ന ഒന്നാണ് ഇന്ത്യൻ ഭരണഘടന. വലിയ ആശയങ്ങളുടെ പിൻബലത്തിലും എല്ലാ രാജ്യങ്ങളുടെയും ഭരണഘടന ചർച്ച ചെയ്തുമാണ് ഓരോ അനുച്ഛേദവും ഉണ്ടാക്കിയെടുത്തത്. ഭരണഘടനാ നിർമാണ സഭയിൽ നടന്ന ചർച്ചകളെക്കുറിച്ച് വായിക്കുമ്പോൾ ഓരോ അനുച്ഛേദത്തിന്റെയും പിന്നിലുള്ള ഉദ്ദേശ്യലക്ഷ്യം വ്യക്തമാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

നെഹ്റുവിന്റെയും ഗാന്ധിജിയുടെയും നിതാന്ത വിമർശകനായിരുന്ന അംബേദ്കറെയാണ് നെഹ്റു ആദ്യ മന്ത്രിസഭയിൽ നിയമമന്ത്രിയായി തെരഞ്ഞെടുത്തത്. എല്ലാവരെയും ഉൾച്ചേർക്കുന്ന ഈ വിശാല സങ്കൽപ്പം ഭരണഘടനാ നിർമാണത്തിലും പ്രതിഫലിച്ചുവെന്നും അതാണ് നമ്മുടെ ഭരണഘടനയുടെ മൂല്യം വർധിപ്പിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ചിന്തിക്കാനുള്ള അവകാശമാണ് ഇപ്പോൾ ചർച്ചാവിഷയം. നമ്മൾ എന്ത് ചിന്തിക്കണമെന്ന് ആധുനിക സാങ്കേതിക വിദ്യ നിർദേശിക്കുന്ന ഈ കാലഘട്ടത്തിൽ സ്വതന്ത്രമായി ചിന്തിക്കാനുള്ള ശേഷി നിലനിർത്തുന്നതാണ് ഏറ്റവും വലിയ വെല്ലുവിളിയെന്നും അദ്ദേഹം പറഞ്ഞു.

കേരള സർവകലാശാല വൈസ് ചാൻലസർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ അധ്യക്ഷനായിരുന്നു. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷണർ ശേഷാദ്രിനാഥൻ എൻ, ബാർ കൗൺസിൽ ഓഫ് കേരള ചെയർമാൻ അഡ്വ. വള്ളക്കടവ് ജി മുരളീധരൻ, സർവകലാശാലാ നിയമ വകുപ്പ് മേധാവി സിന്ധു തുളസീധരൻ തുടങ്ങിയവർ പങ്കെടുത്തു.



കേരള സർവകലാശാലയിലെ ബി.ആർ. അംബേദ്കർ ചെയർ സംഘടിപ്പിച്ച ഭരണഘടനാദിനാഘോഷം മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യുന്നു





നിയമവകുപ്പ് സംഘടിപ്പിച്ച ഭരണഘടനാ ദിനാഘോഷത്തിന്റെ ഉദ്ഘാടനവും അഖിലകേരള ഭരണഘടനാ പ്രസംഗമത്സരം 'വാഗ്മി-2026' ന്റെ വിജയികൾക്കുള്ള സമ്മാനദാനവും സെക്രട്ടറിയേറ്റ് ദർബാർ ഹാളിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ നിർവ്വഹിക്കുന്നു

ഭരണഘടനാ ചട്ടക്കൂട് ചിന്തകളിൽ വേണം: മുഖ്യമന്ത്രി

ഭരണഘടനാ ദിനാഘോഷം ഉദ്ഘാടനം

ആൻസി വി.എ യ്ക്ക് വാഗ്മി – 2026 മത്സരത്തിൽ ഒന്നാം സ്ഥാനം

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടെ എല്ലാവരും എന്ത് തീരുമാനമെടുക്കുമ്പോഴും സംസാരിക്കുമ്പോഴും മനസ്സിൽ ഒരു 'ഭരണഘടനാ ചട്ടക്കൂട് ' ഉണ്ടാകണമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. ഈ ഒരു ഫ്രെയിമിൽ നിന്നുകൊണ്ട് ചിന്തിക്കുമ്പോൾ നീതി നിഷേധമുണ്ടാകില്ല. സാമൂഹികനീതി ഉറപ്പുവരുത്താനും എല്ലാവരെയും ഉൾച്ചേർക്കാനും രാജ്യത്തിന്റെ സവിശേഷതകളെയും പ്രത്യേകതകളെയും ബോധ്യപ്പെടാനും സാധിക്കും. ഭരണഘടനാ മൂല്യങ്ങളും സ വിശേഷതകളും എല്ലാ പൗരന്മാർക്കും മനസിലാക്കാനുള്ള അവസരം കൂടി പാഠ്യപദ്ധതികളിൽ ഉണ്ടാകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. നിയമവകുപ്പ് സംഘടിപ്പിച്ച ഭരണഘടനാ ദിനാഘോഷത്തിന്റെ ഉദ്ഘാടനവും അഖിലകേരള ഭരണഘടനാ പ്രസംഗമത്സരമായ 'വാഗ്മി-2026' വിജയികൾക്കുള്ള സമ്മാനദാനവും സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യൻ ഭരണഘടനാമൂല്യത്തിൽ സാമൂഹികനീതി ഉൾക്കൊള്ളുന്നു. സ്വതന്ത്രവും നീതിപൂർവവുമായ തെരഞ്ഞെടുപ്പാണ് ജനാധിപത്യ ഭരണക്രമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഭരണഘടനാ ധാർമികതയും മൂല്യങ്ങളും സംരക്ഷിക്കേണ്ടത് ഓരോ പൗരന്റെയും ഉത്തരവാദിത്വമാണ്. ഇതുവരെ വായിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും ഇഷ്ടപ്പെട്ട ഗ്രന്ഥം ഇന്ത്യൻ ഭരണഘടനയാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. ഭരണഘടനാ ദിനാഘോഷത്തിന്റെ തുടക്കമായി മുഖ്യമന്ത്രി ഭരണഘടനയുടെ ആമുഖം വായിച്ചു നല്കി.

സംസ്ഥാനത്തെ പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ എയ്ഡഡ് കോളജുകളിലെയും വിദ്യാർഥികൾക്കായി സംഘടിപ്പിച്ച 'വാഗ്മി 2026' മത്സരത്തിൽ കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ് കോളജിലെ ആൻസി വി.എ ഒന്നാം സ്ഥാനം കരസ്ഥമാക്കി. കേരള യൂണിവേഴ്സിറ്റി കാര്യവട്ടം പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിലെ സ്നേഹ എസ്. രണ്ടാം സ്ഥാനവും മാനന്തവാടി കണ്ണൂർ യൂണിവേഴ്സിറ്റി ടീച്ചർ എഡ്യുക്കേഷൻ സെന്ററിലെ അഞ്ജലി കൃഷ്ണ മൂന്നാം സ്ഥാനവും നേടി. ജേതാക്കൾക്ക് യഥാക്രമം 25,000, 15,000, 10,000 രൂപ വീതവും ട്രോഫിയും സർട്ടിഫിക്കറ്റും ഭരണഘടനാ ഡിബേറ്റിന്റെ ഒന്നും രണ്ടും വാല്യങ്ങളും സമ്മാനമായി ലഭിച്ചു. മുഖ്യമന്ത്രി വി.ഡി സതീശൻ ജേതാക്കൾക്ക് സമ്മാനങ്ങൾ നല്കി. ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തിയ രാജ്യസഭ എം.പി ഹാരിസ് ബീരാൻ ഔദ്യോഗിക ഭാഷാ നിയമനിർമ്മാണ കമ്മിഷൻ പ്രസിദ്ധപ്പെടുത്തിയ ഭരണഘടനയുടെ ദ്വിഭാഷാ പതിപ്പ് മുഖ്യമന്ത്രി സമ്മാനിച്ചു.

നിയമ സെക്രട്ടറി പി.എൻ വിനോദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, സ്പെഷ്യൽ സെക്രട്ടറി ജി.എസ്. ആശ, അഡീഷണൽ നിയമ സെക്രട്ടറിമാരായ സുരേഷ്കുമാർ എസ്, പത്മ വി എന്നിവർ പങ്കെടുത്തു.



ന്യൂഡൽഹിയിൽ നടക്കുന്ന നാൽപത്തിയഞ്ചാമത് അന്താരാഷ്ട്ര വ്യാപാര മേളയിൽ മികച്ച പവലിയനുള്ള വെള്ളി മെഡൽ കേരളത്തിനു വേണ്ടി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ സബിൻ സമീദ് ഏറ്റുവാങ്ങുന്നു.

മദ്യനയം: യുഡിഎഫ് ഉപസമിതി രൂപീകരിച്ചു, കെ. ശിവദാസൻ നായർ കൺവീനർ

തിരുവനന്തപുരം: മദ്യനയം ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കാൻ യുഡിഎഫ് ഉപസമിതി രൂപീകരിച്ചു. മുൻ എംഎൽഎ കെ. ശിവദാസൻ നായർ കൺവീനറായ സമിതിയിൽ പി.ജെ. ജോയ്, ജോയ് ഏബ്രഹാം, കെ. ജയന്ത് എംഎൽഎ, വിഷ്ണു മോഹൻ എംഎൽഎ, വാക്കനാട് രാധാകൃഷ്ണൻ, സി.എ. അജീർ എന്നിവർ അംഗങ്ങളാണ്.

മദ്യനയം എത്രയും പെട്ടെന്ന് രൂപീകരിക്കണമെന്ന് കഴിഞ്ഞ ദിവസത്തെ മന്ത്രിസഭാ യോഗത്തിൽ എക്സൈസ് മന്ത്രി എം. ലിജു ആവശ്യം ഉന്നയിച്ചിരുന്നു. മദ്യനയം സംബന്ധിച്ച കേസിൽ ഈ മാസം 30ന് മുൻപ് സർക്കാരിൻറെ നിലപാട് കോടതിയെ അറിയിക്കാമെന്ന് നേരത്തെ വ്യക്തമാക്കിയിരുന്നു.നിരവധി ബാറുകൾക്ക് ലൈസൻസ് നൽകിയതു മായി ബന്ധപ്പെട്ട് വിവാദങ്ങൾ ഉടലെടുത്ത സാഹചര്യത്തിലാണ് മദ്യനയം രൂപീകരിക്കാൻ യുഡിഎഫ് ഉപസമിതിയെ തീരുമാനിച്ചത്.

24000 കടന്ന് തുല്യതാ രജിസ്ട്രേഷൻ :സംസ്ഥാന പ്രവേശനോത്സവം മന്ത്രി എൻ. ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്യും

സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ തുല്യതാ വിദ്യാഭ്യാസ പദ്ധതിയുടെ സംസ്ഥാനതല പ്രവേശനോത്സവം നവംബർ 29-ന് തിരൂർ തുഞ്ചൻപറമ്പിൽ നടക്കും. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യും.

പുതിയ അധ്യയനവർഷത്തിൽ തുല്യതാ കോഴ്സുകളിലേക്കുള്ള രജിസ്ട്രേഷനിൽ കഴിഞ്ഞ വർഷത്തേക്കാൾ 2,500-ഓളം പഠിതാക്കളുടെ വർധനയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 24,000-ലധികം പഠിതാക്കളാണ് ഇത്തവണ തുല്യതാ ക്ലാസ്സുകളിലേക്ക് പഠനം പുനരാരംഭിക്കുന്നതിനായി എത്തുന്നത്. പ്രവേശനോത്സവത്തിൽ കുറുക്കോളി മൊയ്തീൻ എം.എൽ.എ അധ്യക്ഷത വഹിക്കും. ലോക്സഭാംഗം ഡോ. എം.പി. അബ്ദുസമദ് സമദാനി ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും.

വിവിധ ജീവിതസാഹചര്യങ്ങൾ മൂലം ഔപചാരിക വിദ്യാഭ്യാസം തുടരാൻ കഴിയാതിരുന്നവർക്ക് വീണ്ടും പഠനത്തിന്റെ മുഖ്യധാരയിലേക്ക് തിരിച്ചെത്താനുള്ള അവസരമാണ് സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ തുല്യതാ വിദ്യാഭ്യാസ പദ്ധതി ഒരുക്കുന്നത്. പുതിയ അധ്യയനവർഷത്തിൽ തുല്യതാ കോഴ്സുകളിലേക്ക് കൂടുതൽ പഠിതാക്കളെ എത്തിക്കുന്നതിനായി സംസ്ഥാനത്തുടനീളം വിപുലമായ ബോധവൽക്കരണ-പ്രവേശന ക്യാമ്പയിനുകളാണ് സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചത്. ജില്ലാ തലങ്ങളിൽ നടത്തിയ പ്രചാരണ പ്രവർത്തനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ സംഘടനകളെയും സന്നദ്ധപ്രവർത്തകരെയും സാക്ഷരതാ പ്രവർത്തകരെയും ഏകോപിപ്പിച്ച് നടത്തിയ സംഘടിത പ്രവർത്തനങ്ങൾക്കും ഇതിൽ നിർണായക പങ്കുണ്ട്. പഠനാവസരങ്ങൾ നഷ്ടപ്പെട്ടവരെ കണ്ടെത്തി തുല്യതാ വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ പരിചയപ്പെടുത്തുകയും കോഴ്സുകളിൽ ചേരാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തതിന്റെ ഫലമായാണ് ഇത്തവണ രജിസ്ട്രേഷനിൽ വർധന കൈവരിക്കാനായത്.

ഔപചാരിക വിദ്യാഭ്യാസത്തിന് വ്യത്യസ്ത കാരണങ്ങളാൽ അവസരം ലഭിക്കാതെപോയ വീട്ടമ്മമാർ, വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവർ തുടങ്ങി സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവരാണ് തുല്യതാ കോഴ്സുകളിലൂടെ വിദ്യാഭ്യാസം തുടരാൻ മുന്നോട്ടുവരുന്നത്.

മലപ്പുറം ജില്ലയിൽ ഉന്നത വിജയം നേടിയ തുല്യതാ പഠിതാക്കളെ പ്രവേശനോത്സവ ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി എ ജബ്ബാർ ഹാജി അനുമോദിക്കും. നഗരസഭാ ചെയർപേഴ്സൺ ഇബ്രാഹിം ഹാജി കീഴേടത്ത്, ജില്ലാ പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരംസമിതി അധ്യക്ഷൻ പി.കെ. അസ്സു, നഗരസഭ വൈസ് ചെയർപേഴ്സൺ സിന്ധു മംഗലശേരി, തിരൂർ നഗരസഭ കൗൺസിലർ അഡ്വ. വി. ചന്ദ്രശേഖരൻ, കേരളം സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ഡയറക്ടർ ഡോ. അഹമ്മദുൾ കബീർ എ. പി., സാക്ഷരതാമിഷൻ ജോയിന്റ് ഡയറക്ടർ പ്രൊഫ. ആർ. ശശികുമാർ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഡോ. രശ്മി ജി, മുഹമ്മദ് ഫവാസ് കെ., മലപ്പുറം ജില്ലാ സാക്ഷരതാമിഷൻ കോ-ഓർഡിനേറ്റർ അബ്ദുൽ റഷീദ് ചോല, സാക്ഷരതാപ്രവർത്തകർ, പഠിതാക്കൾ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

അന്റാർട്ടിക് പര്യവേക്ഷണം: ഡോക്യുമെന്ററി പ്രദർശനം ഇന്ന് സിഎംഎഫ്ആർഐയിൽ

കൊച്ചി: ഇന്ത്യയുടെ 1983ലെ അന്റാർട്ടിക് ശാസ്ത്ര പര്യവേക്ഷണത്തെ കുറിച്ചുള്ള ഡോക്യുമെന്ററി 'മിറക്കിൾ ഇൻ അന്റാർട്ടിക്ക: ദ ഫോർഗോട്ടൻ സ്റ്റോറി ഓഫ് ദക്ഷിൺ ഗംഗോത്രി' ഇന്ന് (നവംബർ 27 വെള്ളി) ഉച്ചക്ക് രണ്ടിന് സിഎംഎഫ്ആർഐയിൽ പ്രദർശിപ്പിക്കും. ചരിത്രപരമായ പര്യവേക്ഷണത്തെയും അന്റാർട്ടിക്കയിൽ ഇന്ത്യയുടെ ആദ്യ ഗവേഷണ കേന്ദ്രമായ 'ദക്ഷിൺ ഗംഗോത്രി' സ്ഥാപിച്ചതിനെയും ആസ്പദമാക്കിയാണ് ചിത്രം. മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയാണ് (എംബിഎഐ) പ്രദർശനം സംഘടിപ്പിക്കുന്നത്. പര്യവേക്ഷണ സംഘത്തിലെ അംഗവും സിഎംഎഫ്ആർഐ മുൻ ശാസ്ത്രജ്ഞനുമായ ഡോ. കെ.ജെ. മാത്യു അന്റാർട്ടിക് ഓർമ്മകൾ പങ്കുവെക്കും. ഡോക്യുമെന്ററി നിർമ്മാതാവ് സൗരഭ റാവു ചിത്രം പരിചയപ്പെടുത്തും. ഫോൺ- 9995032692.

ദ്വിദിന കേരള സന്ദർശനത്തിന് രാഷ്ട്രപതി ഇന്ന് എത്തും

ദ്വിദിന സന്ദർശനത്തിന് രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് (നവംബർ 27) കേരളത്തിൽ എത്തും. രാവിലെ 10.35 ന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിച്ചേരുന്ന രാഷ്ട്രപതിയെ ഗവർണറും മുഖ്യമന്ത്രിയും ചേർന്ന് സ്വീകരിക്കും. തുടർന്ന് ആദിശങ്കരാചാര്യരുടെ ജന്മസ്ഥലമായ കാലടിയിലെത്തി ക്ഷേത്രദർശനം നടത്തും. അവിടെനിന്നും തൃശ്ശൂരിലേക്ക് യാത്ര തിരിക്കും. ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന വൈദ്യരത്നം ആയുർവേദ കോളജിന്റെ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുക്കും. തുടർന്ന് ഗുരുവായൂർ ക്ഷേത്രദർശനം നടത്തിയശേഷം ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിലെത്തി രാത്രി അവിടെ തങ്ങും.28 രാവിലെ 8 ന് ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ നടക്കുന്ന പാസിങ് ഔട്ട് പരേഡിൽ മുഖ്യാതിഥിയാകും. തുടർന്ന് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും മിസോറാമിലേക്ക് പുറപ്പെടും.

അതിജീവിതകൾക്ക് സമഗ്ര പിന്തുണ ഉറപ്പാക്കാൻ 'SPEAK UP TO STAND UP' പദ്ധതി: മന്ത്രി ബിന്ദു കൃഷ്ണ

വനിതാ കമ്മിഷൻ സംഘടിപ്പിച്ച സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു

അതിക്രമങ്ങളെ അതിജീവിച്ച സ്ത്രീകൾക്ക് സമഗ്ര പിന്തുണയും സാമ്പത്തിക ശാക്തീകരണവും ഉറപ്പാക്കി സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്ന *''ടജജ്ഞഅഗ ഡജ ഠഛ ടഠഅചഉ ഡജ'* പദ്ധതി വനിതാ ശിശുവികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ പ്രഖ്യാപിച്ചു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഗവ. വിമൻസ് കോളേജിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

അതിക്രമങ്ങളെ അതിജീവിച്ച സ്ത്രീകൾക്ക് ആത്മവിശ്വാസത്തോടെ ജീവിതം പുനർനിർമിക്കാനും സ്വയം പര്യാപ്തതയിലേക്ക് ഉയരാനും പദ്ധതി സഹായകരമാകും. അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസവും സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ട് കേരള പോലീസ് ആവിഷ്കരിച്ച 'ടജജ്ഞഅഗ ഡജ' പദ്ധതിയുടെ തുടർച്ചയായാണ് പുതിയ പദ്ധതി നടപ്പാക്കുന്നത്. വനിതാ ശിശുവികസന വകുപ്പ്, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, വനിതാ കമ്മിഷൻ എന്നിവയുടെ സംയുക്ത സഹകരണത്തോടെയാകും പദ്ധതി പ്രവർത്തിക്കുക.

ഓരോ അതിജീവിതയുടെയും ആവശ്യങ്ങൾ, താത്പര്യങ്ങൾ, കഴിവുകൾ എന്നിവ വിലയിരുത്തി അവരുടെ അറിവോടെയും സമ്മതത്തോടെയും വ്യക്തിഗത പുനരധിവാസ പദ്ധതി തയ്യാറാക്കും. സുരക്ഷിത താമസം, കൗൺസിലിങ്, മാനസിക, സാമൂഹിക പിന്തുണ, സൗജന്യ നിയമസഹായം, വിദ്യാഭ്യാസം തുടരുന്നതിനുള്ള അവസരങ്ങൾ, തൊഴിൽ, നൈപുണ്യ പരിശീലനം എന്നിവ ലഭ്യമാക്കും. വനിതാ വികസന കോർപ്പറേഷന്റെ സ്വയംതൊഴിൽ പദ്ധതികളും കുടുംബശ്രീ സംവിധാനങ്ങളും പ്രയോജനപ്പെടുത്തി സംരംഭങ്ങൾ ആരംഭിക്കാനും ഉപജീവനമാർഗം കണ്ടെത്താനും സഹായം നൽകും. വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ, 181 മിത്ര ഹെൽപ്പ് ലൈൻ, സഖി വൺ സ്റ്റോപ്പ് സെന്ററുകൾ എന്നിവയുടെ ഏകോപനത്തിലൂടെ അടിയന്തര സംരക്ഷണവും തുടർസേവനങ്ങളും ഉറപ്പാക്കും.

ഭയമില്ലാതെ നടക്കാനും പഠിക്കാനും ജോലി ചെയ്യാനും ഇഷ്ടമുള്ള ജീവിതം തെരഞ്ഞെടുക്കാനും ഓരോ പെൺകുട്ടിക്കും കഴിയുന്ന കേരളമാണ് ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. സ്ത്രീധനം അന്തസ്സിന്റെയോ അഭിമാനത്തിന്റെയോ അടയാളമല്ലെന്നും നിയമവിരുദ്ധമായ പ്രവണതയാണെന്നും മന്ത്രി ഓർമിപ്പിച്ചു. അതിക്രമവും നിശ്ശബ്ദതയുമല്ല പ്രതികരണവും നിലപാടുമാണ് സമൂഹത്തിൽ സാധാരണമാകേണ്ടത്. ശബ്ദമുയർത്തുന്നിടത്തുനിന്ന് സ്വന്തം കാലിൽ തലയുയർത്തി നിൽക്കുന്നിടത്തേക്ക് ഒരുമിച്ച് മുന്നേറണമെന്നും മന്ത്രി പറഞ്ഞു.

സോഷ്യൽ മീഡിയയിലൂടെയുള്ള അപമാനിക്കൽ, സ്വകാര്യ ചിത്രങ്ങളുടെയും വിവരങ്ങളുടെയും ദുരുപയോഗം, സൈബർ ഭീഷണികൾ തുടങ്ങിയ ഡിജിറ്റൽ അതിക്രമങ്ങളെയും ഗൗരവത്തോടെ കാണണം.

അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കാനും തെറ്റായ പ്രവണതകളെ ചോദ്യം ചെയ്യാനും യുവതലമുറ തയ്യാറാകണം. സ്ത്രീകൾക്ക് സുരക്ഷിതമായി ജീവിക്കാനും അഭിപ്രായങ്ങൾ തുറന്നുപറയാനും കഴിയുന്ന സമൂഹം സൃഷ്ടിക്കാൻ നിയമങ്ങൾക്കൊപ്പം പൊതുസമൂഹത്തിന്റെ മനോഭാവത്തിലും മാറ്റമുണ്ടാകണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

'മൗനമല്ല, മറുപടിയാണ്' എന്ന സന്ദേശവുമായി സംഘടിപ്പിച്ച ആർട്ട് വാൾ, വിദ്യാർഥികളുടെ ഫ്ലാഷ് മോബ് മൈം എന്നിവയോടെയാണ് ദിനാചരണ പരിപാടികൾക്ക് തുടക്കമായത്. 'കേൾക്കാം, കരുത്താകാം' എന്ന പേരിൽ മന്ത്രിയും വിദ്യാർഥികളും തമ്മിൽ സംവാദവും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിരുന്നു.

വനിതാ കമ്മിഷൻ ചെയർപേഴ്സൺ അഡ്വ. പി. സതീദേവി അധ്യക്ഷത വഹിച്ചു. കൗൺസിലർ രാഖി രവികുമാർ, വനിതാ കമ്മിഷൻ മെമ്പർ സെക്രട്ടറി ബീന വൈ.ബി, ഡയറക്ടർ ജി.എൽ. അജിത് കുമാർ, കോളേജ് പ്രിൻസിപ്പൽ ഡോ. ഉമാജ്യോതി വി., യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ പാർവതി എസ്.ആർ. എന്നിവർ സംസാരിച്ചു. തുടർന്ന് കേരള പോലീസിന്റെ സ്വയംപ്രതിരോധ പരിശീലന പ്രദർശനം കോളേജിൽ നടന്നു.

എൽ പി സ്കൂൾ അധ്യാപക – വിദ്യാർഥി അനുപാതം കുറയ്ക്കുന്നതിൽ പ്രായോഗിക തടസ്സമുണ്ട്: മുഖ്യമന്ത്രി

സർക്കാർ എൽ പി സ്കൂളുകളിലെ അധ്യാപക തസ്തികകൾ വർധിപ്പിക്കണമെന്ന, സമരം ചെയ്യുന്ന എൽ പിഎസ്ടി റാങ്ക് ലിസ്റ്റിൽ ഉള്ളവരുടെ ആവശ്യം അംഗീകരിക്കുന്നതിൽ പ്രായോഗിക തടസ്സങ്ങളുണ്ടെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. ഇക്കാര്യം സമരക്കാരെ ബോധ്യപ്പെടുത്താൻ സർക്കാർ ശ്രമിച്ചിട്ടുണ്ട്. സർക്കാർ എൽ പി സ്കൂളുകളിലെ പ്രഖ്യാപിത അധ്യാപക വിദ്യാർഥി അനുപാതം 1:30 ആണെന്നിരിക്കെ നിലവിൽ സംസ്ഥാനത്തെ അനുപാതം 1:19 ആണ്. സംസ്ഥാനത്ത് സർക്കാർ സ്കൂളിലെ മൊത്തം വിദ്യാർഥികളുടെ എണ്ണം 3,49,000 ആണ്, അധ്യാപകരുടെ എണ്ണം 18,856. പത്തനംതിട്ട, കോട്ടയം ജില്ലകളിൽ അനുപാതം 1:11 ആണ്. ഇടുക്കിയിൽ ഇത് 1:12 ഉം കണ്ണൂരിൽ 1:14 ഉം ആണ്. അധ്യാപക – വിദ്യാർഥി അനുപാതം 1:25 ആക്കണമെന്നാണ് സമരക്കാർ ആവശ്യപ്പെട്ടത്. നിലവിലെ കണക്ക് പരിശോധിക്കുമ്പോൾ സമരക്കാരുടെ ആവശ്യം അപ്രസക്തമാണ്. സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർഥികളുടെ എണ്ണം കുറഞ്ഞ് ഡിവിഷൻ ഫോൾ വരുമ്പോൾ അധ്യാപകരെ സംരക്ഷിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. സമരക്കാരുമായി ഇനിയും ചർച്ച നടത്താൻ തയ്യാറാണ്. സമരക്കാർ ഉന്നയിച്ച നാല് ആവശ്യങ്ങളിൽ ധാരണയിൽ എത്തിയാൽ ഉത്തരവ് ഇറക്കാൻ സർക്കാർ ഒരുക്കമാണെന്നും മുഖ്യമന്ത്രി മന്ത്രിസഭായോഗത്തിന് ശേഷമുള്ള വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സർക്കാർ വകുപ്പുകളിൽ ഇല്ലാത്ത ഒഴിവ് മുൻനിർത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന പിഎസ്സി രീതിക്ക് മാറ്റം വരുത്തുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് ഇല്ലാത്ത പ്രതീക്ഷ നൽകുന്നത് അംഗീകരിക്കാനാകില്ല. ഇക്കാര്യത്തിലുള്ള അവ്യക്തത പരിഹരിക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സമിതി രൂപീകരിച്ച് അന്വേഷണം നടത്തും. എല്ലാ വകുപ്പുകളും കൃത്യമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യണം. ഒഴിവുകൾ റിപ്പോർട്ട് ചെയ്തില്ലെങ്കിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

ഫിൻലാൻഡിലേക്കുള്ള സൗജന്യ യാത്രയ്ക്ക് വൻ തിരക്ക്; ലഭിച്ചത് രണ്ട് ലക്ഷത്തിലധികം അപേക്ഷകൾ

ഹെൽസിങ്കി: അവിവാഹിതർക്കായുള്ള ഫിൻലാൻഡിലേക്ക് സൗജന്യ യാത്ര ഒരുക്കാനുള്ള പദ്ധതിക്ക് ലോകമെമ്പാടും വൻ സ്വീകാര്യത. ഫിൻലാൻഡിൻറെ ദേശിയ ടീറിസം സംഘടനയായ വിസിറ്റ് ഫിൻലാൻഡ് ആരംഭിച്ച ഈ കാമ്പയിന് ലഭിച്ചത് രണ്ട് ലക്ഷത്തിലധികം അപേക്ഷകളാണ്. യാത്രയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന 16 ഭാഗ്യശാലികൾക്കായി ഫിൻലാൻഡ് യാത്രയും പ്രണയസാധതകളും നിറഞ്ഞ അനുഭവമാണ് കാത്തിരിക്കുന്നത്.

'നിങ്ങൾ സിംഗിളാണോ എങ്കിൽ നല്ലതാണ്, കാരണം ഞങ്ങൾ സഹായിക്കാൻ ഇവിടെയുണ്ട്' എന്ന ഓസ്ട്രേലിയയിലെ ഫിന്നിഷ് അംബാസഡറായ ആർട്ടോ ഹാപിയയുടെ വാക്കുകളോടെയുള്ള ഇൻസ്റ്റാഗ്രാമിൽ ഇതിനോടകം 90 ലക്ഷത്തിലധികം കാഴ്ചക്കാരെ നേടിക്കഴിഞ്ഞു. പങ്കാളിയെ കണ്ടെത്താനുള്ള ശ്രമത്തിൽ പ്രശ്നം വ്യക്തിയല്ല, മറിച്ച് അവരുടെ തപാൽ കോഡായിരിക്കാം എന്നാണ് ആർട്ടോ ഹാപിയ സൂചിപ്പിക്കുന്നത്. പ്രദേശവാതികൾക്കുള്ള ബ്ലൈൻഡ് ഡിന്നർ ഡേറ്റുകൾ ഉൾപ്പെടുന്ന, സൗജന്യമായ ഫിൻലാൻഡ് പര്യടനമാണ് അദ്ദേഹം മുന്നോട്ട് വയ്ക്കുന്നത്.

അപേക്ഷ കാലയളവ് അവസാനിച്ചപ്പോൾ ലോകത്തിൻറെ വിവിധ ഭാഗങ്ങഴളിൽ നിന്നായി രണ്ട് ലക്ഷത്തിലധികം വീഡിയോ അപേക്ഷകളാണ് ലഭിച്ചത്. ഫിന്നിഷ് ഭക്ഷണരീതികൾക്ക് ആഗോളതലത്തിൽ കൂടുതൽ അംഗീകാരം നേടിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് വിസിറ്റ് ഫിൻലാൻഡ് ഈ ആശയം ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് സംഘടനയിലെ സാരിഹേ വ്യക്തമാക്കി. ലഭിച്ച എല്ലാ അപേക്ഷാ വീഡിയോക്കളും സാരി ഹേയുടെ സംഘം പരിശോധിച്ചുവരികയാണ്.ബെൽജിയം, ബൊളീവിയ, ഉക്രെയ്ൻ തുടങ്ങി വിവിധ രാജ്യങ്ങളിൽ നിന്നുള്ളവർ അപേക്ഷകരിൽ ഉൾപ്പെടുന്നു. ഉക്രെയ്നിലെ കീവിനു സമീപത്തുനിന്നുള്ള 21- വയസുകാരിയായ സോഫിയായ്ക്ക് ഫിൻലാൻഡിലെ പ്രണയസാധ്യതകളെക്കുറിച്ച് ചെറിയ ആശങ്കയുണ്ടെങ്കിലും പങ്കാളിയെ ലഭിക്കുന്നത് കേക്കിൻറെ ഐസിംഗ് പോലെയായിരിക്കുമെന്നാണ് പറയുന്നത്.'എങ്കിലും ഫിൻലാൻഡിലൂടെ യാത്ര ചെയ്യാനും ഫിന്നിഷ് ഭക്ഷണം കഴിക്കാനും രാജ്യം അറിയാനും ഞാൻ ആഗ്രഹിക്കുന്നു,' സോഫിയ കൂട്ടിച്ചേർത്തു.

ഡേറ്റിംഗ് ആപ്പുകൾ ഉപയോഗിക്കാൻ താത്പര്യമില്ലാത്ത അവിവാഹിതർക്ക് പുതിയ ആളുകളെ നേരിട്ട് കാണാനുള്ള മികച്ച അവസരമാണിതെന്ന് കോപ്പൻഹേഗനിൽ നിന്നുള്ള ഫുഡ് ഇൻഫ്ലുവൻസർ മാറ അഭിപ്രായപ്പെട്ടു. സമ്മർദങ്ങളില്ലാതെ സന്തോളത്തോടെ പങ്കെടുക്കാവുന്ന യാത്രയാണിതെന്നും അവർ പറഞ്ഞു.ചില അപേക്ഷകൾക്ക് തങ്ങളുടെ പരസ്യ വീഡിയോകൾ ഇതിനോടകം തന്നെ പ്രണയജീവിതത്തിൽ ഗുണം ചെയ്തിട്ടുണ്ട്. ഓസ്ട്രേലിയയിൽ നിന്നുള്ള കെവിന് രസകരമായ നിരവധി സംഭാഷണങ്ങൾ നടത്താൻ സാധിച്ചതായും ടൊറൻറോയിലേക്കോ അഡ്ലെയ്ഡിലേക്കോ വരാൻ പലരും ക്ഷണിച്ചതായും അദ്ദേഹം പങ്കുവച്ചു.

തെരഞ്ഞെടുക്കപ്പെടുന്ന 16 പേരുടെ പട്ടിക വിസിറ്റ് ഫിൻലാൻഡ് ഡിസംബറിൽ പ്രഖ്യാപിക്കും. തെരഞ്ഞെടുക്കപ്പെടുന്നവർക്കായുള്ള ഫിൻലാൻഡ് യാത്ര ഫെബ്രുവരി ആരംഭിക്കും. 'ഒരു അവസരം എടുക്കുക... ഒരു ഫിൻലാൻഡുകാരനുമായിട്ട് പ്രണയത്തിലാകൂ' എന്നതാണ് ഓസ്ട്രേലിയയിലെ ഫിനിഷ് അംബാസഡർക്ക് എല്ലാവർക്കുമായി നൽകാനുള്ള സന്ദേശം.



കുടുംബശ്രീ 14-ാമത് ദേശീയ സരസ് മേളയുടെ പോസ്റ്റർ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ എം ഷാജി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ വി. വിഗ്നേശ്വരിക്ക് നൽകി പ്രകാശനം ചെയ്യുന്നു

മത്സ്യത്തൊഴിലാളി ജാഗ്രത നിർദേശം

കേരള – ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും (നവംബർ 26) നാളെയും മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും കർണാടക തീരത്ത് മത്സ്യബന്ധനത്തിന് പോകാൻ തടസമില്ലെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കേരള – ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യത.

ആംഗ്യഭാഷാ കോഴ്സ്

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് (നിഷ്) സംഘടിപ്പിക്കുന്ന 40 മണിക്കൂർ ദൈർഘ്യമുള്ള ആംഗ്യഭാഷാ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആംഗ്യഭാഷ പഠിക്കുന്നതിനും പരിശീലിക്കുന്നതിനുമായി അപേക്ഷകർക്ക് കൈകൾ പ്രവർത്തനക്ഷമമായി ഉപയോഗിക്കാൻ സാധിക്കണം. 1,500 രൂപ ആണ് കോഴ്സ് ഫീസ്. ആദ്യം അപേക്ഷിക്കുന്ന 15 പേർക്കാണ് പ്രവേശനം. https://forms.gle/GAKziQb5juJWthNeA ൽ ഡിസംബർ 20 നകം അപേക്ഷിക്കണം. വിവരങ്ങൾക്ക്: www.nish.ac.in.

വിമാനത്തിൻറെ വാതിൽ തുറക്കാൻ യാത്രക്കാരൻറെ ശ്രമം; സാഹസികമായി കീഴടക്കി സഹയാത്രികരും ജീവനക്കാരും

ഷിക്കാഗോ: ആകാശമദ്ധ്യേ വിമാനത്തിൻറെ എമർജൻസി വാതിൽ തുറക്കാൻ ശ്രമിച്ച യാത്രക്കാരനെ സഹയാത്രികരും വിമാന ജീവനക്കാരും ചേർന്നു സാഹസികമായി കീഴടക്കി. സംഭവത്തെത്തുടർന്ന് ഷിക്കാഗോയിലേക്കു പോകുകയായിരുന്ന അമേരിക്കൻ എയർലൈൻസ് വിമാനം അരിസോണയിലെ ഫീനിക്സിൽ അടിയന്തരമായി ഇറക്കി.

സാൻ ഡീഗോയിൽനിന്നു പുറപ്പെട്ട അമേരിക്കൻ എയർലൈൻസിൻറെ 1494-ാം നമ്പർ വിമാനത്തിലായിരുന്നു ഇന്നലെ പുലർച്ചെ നാടകീയ സംഭവങ്ങൾ അരങ്ങേറിയത്. യാത്രക്കാരൻറെ മോശം പെരുമാറ്റത്തെത്തുടർന്ന് വിമാനം ഫീനിക്സ് സ്കൈ ഹാർബർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് വഴിതിരിച്ചുവിടുകയായിരുന്നുവെന്ന് എയർലൈൻസ് അധികൃതർ വ്യക്തമാക്കി. ഇയാളുടെ പേരുവിവരങ്ങൾ പുറത്തുവിട്ടിട്ടില്ല.

സ്വന്തം സീറ്റിൽനിന്ന് എഴുന്നേറ്റ് വിമാനത്തിൻറെ മുൻഭാഗത്തേക്കു നീങ്ങിയ യാത്രക്കാരൻ തിരികെ സീറ്റിലേക്കു മടങ്ങാനുള്ള ജീവനക്കാരുടെ നിർദേശം ആവർത്തിച്ച് അവഗണിക്കുകയും എക്സിറ്റ് ഡോർ തുറക്കാൻ ശ്രമിക്കുകയുമായിരുന്നുവെന്ന് പൊലിസ് അറിയിച്ചു. തുടർന്ന് ജീവനക്കാരും സഹയാത്രികരും ചേർന്നു ബലപ്രയോഗത്തിലൂടെ ഇയാളെ കീഴടക്കി തറയിൽ കിടത്തുകയായിരുന്നു. പുലർച്ചെ ഒന്നോടെ വിമാനം ഫീനിക്സിൽ സുരക്ഷിതമായി ഇറക്കുന്നതുവരെ ഇയാളെ ഇത്തരത്തിൽ പിടിച്ചുവച്ചു. സംഭവത്തിൽ ഇയാൾക്ക് നിസാര പരിക്കേറ്റതൊഴിച്ചാൽ മറ്റു യാത്രക്കാർക്കോ ജീവനക്കാർക്കോ പരിക്കുകളൊന്നുമില്ല.

സംഭവത്തിൻറെ ദൃശ്യങ്ങൾ വിമാനത്തിലുണ്ടായിരുന്ന ഷോൺ ബെന്നറ്റ് എന്ന യാത്രക്കാരൻ പകർത്തി സമൂഹമാധ്യമങ്ങളിൽ പങ്കുവച്ചിട്ടുണ്ട്. വിമാനം ഫീനിക്സിൽ ഇറങ്ങിയ ഉടൻ സുരക്ഷാ ഉദ്യോഗസ്ഥരെത്തി പ്രശ്നക്കാരനായ യാത്രക്കാരനെ പുറത്തിറക്കി. തുടർന്ന് തുടർന്ന് പുലർച്ചെ 5:. 52ഓടെ വിമാനം ഷിക്കാഗോ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കു യാത്ര തുടർന്നതായി ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷനും അമേരിക്കൻ എയർലൈൻസും അറിയിച്ചു.

യാത്രക്കാരനെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ലെന്നും സംഭവത്തെക്കുറിച്ച് എഫ്ബിഐയെ അറിയിച്ചിട്ടുണ്ടെന്നും അന്വേഷണം പുരോഗമിക്കുകയാണെന്നും ഫീനിക്സ് പൊലിസ് വ്യക്തമാക്കി

നാലുവയസുകാരിക്ക് കുടിക്കൻ നൽകേണ്ട മരുന്ന് ഞരമ്പിൽ കുത്തിവച്ചു

ഗാന്ധിനഗർ: കുടിക്കാൻ നൽകേണ്ട മരുന്ന് നഴ്സിംഗ് വിദ്യാർഥി ഞരമ്പിലൂടെ കുത്തിവച്ചതിനെ തുടർന്ന് നാലുവയസുകാരിയുടെ ആരോഗ്യനില അതീവ ഗുരുതരമായി. ഗുജറാത്തിലെ മെഹ്സാന ജില്ലയിലുള്ള ജി.എം.ഇ.ആർ.എസ്. സിവിൽ ആശുപത്രിയിലെ ശിശുരോഗ വിഭാഗത്തിലാണ് സംഭവം നടന്നത്.

കൺപോള തൂങ്ങിപ്പോകുന്ന അസുഖത്തിനുള്ള ചികിത്സയ്ക്കായി വെള്ളിയാഴ്ച രാവിലെയാണ് പിതാവ് മനോജ് സിംഗ് സാല മകൾ ആർവിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പീഡിയാട്രിക് വാർഡിൽ കുട്ടിക്ക് രണ്ട് കുത്തിവയ്പ്പുകൾ നൽകാനുണ്ടായിരുന്നു. ഇതിനിടെ ക്ലിനിക്കൽ ട്രെയിനിംഗിനെത്തിയ നാലാം സെമസ്റ്റർ ബിഎസ്സി നഴ്സിംഗ് വിദ്യാർഥി കുടിക്കാനുള്ള മരുന്ന് ഞരമ്പിലേക്ക് കുത്തിവയ്ക്കുകയായിരുന്നുവെന്നാണ് കുടുംബത്തിൻറെ ആരോപണം. മുന്നറിയിപ്പ് നൽകിയിട്ടും വിദ്യാർഥി വകവച്ചില്ലെന്നും കുടുംബം ആരോപിക്കുന്നു.

കുത്തിവയ്പ്പിന് പിന്നാലെ കുട്ടിയുടെ ആരോഗ്യനില വഷളായി. സംസാരിക്കാനോ നടക്കാനോ സാധിക്കാതെ കണ്ണുകൾ മാത്രം ചലിപ്പിക്കാൻ കഴിയുന്ന അവസ്ഥയിലായി കുട്ടി. തിങ്കളാഴ്ച അപസ്മാരമുണ്ടാവുകയും അബോധാവസ്ഥയിലാവുകയും ചെയ്തു. ഹൃദയമിടിപ്പ് ഉയർന്നതോടെ പിഐസിയു ടീം സിപിആർ നൽകിയ ശേഷമാണ് വെൻറിലേറ്ററിലേക്ക് മാറ്റിയത്. പിന്നീട് വിദഗ്ധ ചികിത്സയ്ക്കായി അഹമ്മദാബാദിലെ ആശുപത്രിയിലേക്ക് മാറ്റി.

സംഭവത്തിൽ പ്രാഥമിക അന്വേഷണം ആരംഭിച്ച അധികൃതർ വകുപ്പ് മേധാവിയോട് റിപ്പോർട്ട് തേടിയിട്ടുണ്ട്. മറ്റ് നഴ്സിംഗ് ജീവനക്കാർ വിസമ്മതിച്ചതിനെ തുടർന്നാണ് സ്റ്റാഫ് നഴ്സ് അജയ് വിദ്യാർഥിയോട് കുത്തിവയ്പ്പ് എടുക്കാൻ ആവശ്യപ്പെട്ടതെന്ന് ആക്ടിംഗ് സിവിൽ സൂപ്രണ്ട് മുകേഷ് വോറ വ്യക്തമാക്കി. സ്റ്റാഫ് നഴ്സ് പറഞ്ഞതനുസരിച്ചാണ് കുത്തിവയ്പ്പ് എടുത്തതെന്ന് വിദ്യാർഥി പറയുമ്പോൾ, മരുന്ന് മറ്റൊരു രോഗിക്കുള്ളതായിരുന്നു എന്നാണ് അജയുടെ വാദം. ഇരുവരുടെയും ഭാഗത്ത് വീഴ്ച യുണ്ടായെന്നാണ് പ്രാഥമിക നിഗമനം.

തുടർന്ന് സ്റ്റാഫ് നഴ്സ് അജയിയെ സസ്പെൻഡ് ചെയ്തു. രത്നപ്രഭ നഴ്സിംഗ് കോളജ് പ്രിൻസിപ്പലിന് വിദ്യാർഥിക്കെതിരെ നടപടി ആവശ്യപ്പെട്ട് നോട്ടിസും നൽകിയിട്ടുണ്ട്. സംഭവത്തെക്കുറിച്ച് ഉന്നതതല സമിതി അന്വേഷിക്കും. ഇതിൻറെ ഭാഗമായി വഡ്നഗർ ആശുപത്രിയിലെ അമ്പതോളം നഴ്സിംഗ് വിദ്യാർഥികളുടെ ക്ലിനിക്കൽ ട്രെയിനിംഗ് താത്ക്കാലികമായി നിർത്തിവച്ചു. മരുന്ന് നൽകുന്നതിലെ പ്രോട്ടോക്കോൾ പാലിച്ചിട്ടുണ്ടോയെന്ന് സമിതി പരിശോധിക്കും. കുറ്റക്കാർക്കെതിരെ കർശന നടപടിയുണ്ടാകുമെന്ന് അധികൃതർ അറിയിച്ചു. അഹമ്മദാബാദിലെ ആശുപത്രിയിൽ ചികിത്സയിൽ തുടരുന്ന കുട്ടി ഇപ്പോഴും ഗുരുതരാവസ്ഥയിലാണ്.

കാലപ്പഴക്കം ചെന്ന അഞ്ച് ടൺ രാസവസ്തു ശേഖരം നിയന്ത്രിത സ്ഫോടനത്തിലൂടെ നശിപ്പിച്ച് യുഎസ് സൈന്യം

വാഷിംഗ്ടൺ ഡിസി: കാലപ്പഴക്കം കാരണം സ്വയം പൊട്ടിത്തെറിക്കാൻ സാധ്യതയുണ്ടായിരുന്ന അഞ്ച് ടൺ മാരക രാസവസ്തു ശേഖരം അമേരിക്കൻ സൈന്യം നിയന്ത്രിത സ്ഫോടനത്തിലൂടെ നശിപ്പിച്ചു. അയോവയിലെ മിഡിൽടൗണിലുള്ള സൈനിക വെടിക്കോപ്പ് നിർമാണശാലയിൽ പ്രാദേശിക സമയം ബുധനാഴ്ച രാവിലെ ഒമ്പതിനായിരുന്നു നശിപ്പിച്ചത്. ബോംബ് നിർമാണത്തിന് ഉപയോഗിക്കുന്ന ലെഡ് അസൈഡ് എന്ന രാസവസ്തുവിൻറെ രാജ്യത്തെ മുഴുവൻ ശേഖരവുമാണ് ഇത്തരത്തിൽ നശിപ്പിച്ചത്.കാലപ്പഴക്കം മൂലം രാസമാറ്റം സംഭവിച്ച ഈ ശേഖരം ഏത് നിമിഷവും സ്വയം പൊട്ടിത്തെറിക്കാവുന്ന അപകടകരമായ അവസ്ഥയിലായിരുന്നുവെന്നും അതിനാൽ വൻ ദുരന്തം ഒഴിവാക്കാൻ നിയന്ത്രിത സ്ഫോടനം അനിവാര്യമായിരുന്നുവെന്നും സൈന്യം വ്യക്തമാക്കി. സ്ഫോടനത്തെത്തുടർന്ന് വിഷാംശമുള്ള ലെഡ് പൊടി അന്തരീക്ഷത്തിൽ പടരാനുള്ള സാധ്യത ആരോഗ്യ-പരിസ്ഥിതി ആശങ്കകൾ ഉയർത്തിയതോടെ കർശന സുരക്ഷാ മുൻകരുതലുകളാണ് സ്വീകരിച്ചത്. നിർമാണശാലയുടെ എട്ട് കിലോമീറ്റർ പരിധിയിലുള്ള താമസക്കാരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. ആഘാതവും പൊടിയും നിയന്ത്രിക്കാൻ മേഖലയ്ക്ക് ചുറ്റും കോൺക്രീറ്റും മണലും ഉപയോഗിച്ച് തടസങ്ങൾ നിർമിക്കുകയും പൊടിപടലങ്ങൾ താഴ്ത്താൻ ആയിരക്കണക്കിന് ഗാലൻ വെള്ളം ഉപയോഗിക്കുകയും ചെയ്തു.ലെഡ്, നൈട്രജൻ എന്നീ മൂലകങ്ങൾ അടങ്ങിയ രാസസംയുക്തമാണ് ലെഡ് അസൈഡ്. ബോംബുകൾ, വെടിയുണ്ടകൾ തുടങ്ങിയ സൈനിക വെടിക്കോപ്പുകളിലെ പ്രധാന സ്ഫോടകവസ്തുവിനെ പ്രവർത്തനക്ഷമമാക്കുന്ന പ്രാരംഭ ഘടകമായാണ് ഇത് ഉപയോഗിക്കുന്നത്.



ബിച്ചു തിരുമല പുരസ്കാരം മുഖ്യമന്ത്രി വി.ഡി. സതീശൻ ചലച്ചിത്രതാരം മധുവിന് സമ്മാനിക്കുന്നു. മന്ത്രിമാരായ സി.പി. ജോൺ, പി.സി.വിഷ്ണുനാഥ് എന്നിവർ സമീപം

വൈക്കത്ത് കാറുമായി കൂട്ടിയിടിച്ച മിനിലോറി മറിഞ്ഞു; നാലുപേർക്ക് പരിക്ക്

വൈക്കം: മിനിലോറിയും കാറും കൂട്ടിയിടിച്ചതിനെ തുടർന്ന് നിയന്ത്രണംവിട്ട ലോറി മറിഞ്ഞു. അപകടത്തിൽ മിനിലോറിയിൽ സഞ്ചരിച്ച ഡ്രൈവറടക്കം നാലുപേർക്ക് പരിക്കേറ്റു. മിനി ലോറി ഡ്രൈവർ പിറവം പാഴൂർതാന്നിക്കൽ അനീഷ് (43), കിഷോർ (40), അനീഷിൻറെ പണിക്കാരായ ഇതര സംസ്ഥാനക്കാരായ രണ്ട് യുവാക്കൾ എന്നിവർക്കാണ് പരിക്കേറ്റത്.അനീഷിൻറെ ചെവിയുടെ പിന്നിലും ഇതര സംസ്ഥാനക്കാരായ യുവാക്കളുടെ തലയ്ക്കുമാണ് പരിക്കേറ്റത്. കിഷോർ നിസാര പരിക്കോടെ രക്ഷപ്പെട്ടു. പരിക്കേറ്റവരെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കാറിൽ സഞ്ചരിച്ചിരുന്നവർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു.

തലയാഴം തോട്ടകം വളഞ്ഞമ്പലത്തിന് സമീപം ഇന്ന് രാവിലെ 7.45യായിരുന്നു അപകടം. വെച്ചൂർ ഭാഗത്തു നിന്ന് വൈക്കത്തക്കുവന്ന കൊല്ലം സ്വദേശികളായ ദമ്പതികൾ സഞ്ചരിച്ച കാർ പിറവത്തുനിന്ന് തടിവെട്ടാനായി മുഹമ്മയിലേക്ക് പോയ ലോറിയുമായാണ് കൂട്ടിയിടിച്ചത്. ഇടിയുടെ ആഘാതത്തിൽ ലോറി മറിഞ്ഞു. കാറിൻറെ മുൻഭാഗം ഭാഗികമായി തകർന്നു. വൈക്കം പൊലിസ് മേൽ നടപടികൾ സ്വീകരിച്ചു.

കാൻസർ സാധ്യതയുണ്ടോ എഐ കണ്ടെത്തും

2030-ാടെ ആരോഗ്യരംഗത്ത് 'എഐ' വിപ്ലവം സംഭവിക്കുമെന്ന് ആരോഗ്യവിദഗ്ധർ അഭിപ്രായപ്പെടുന്നു. നിർമിതബുദ്ധി (എഐ) ഉപയോഗത്തിൽ വലിയ ആശങ്കകളും സംശയങ്ങളും നിലനിൽക്കുമ്പോഴും യുകെയിലെ ആരോഗ്യവിദഗ്ധർ വെളിപ്പെടുത്തുന്നതു പത്തു വർഷത്തിനുള്ളിൽ മെഡിക്കൽ രംഗത്തു വലിയ മാറ്റങ്ങൾ സംഭവിക്കുമെന്നാണ്. ഇപ്പോൾ കാണുന്നതെല്ലാം വെറും തുടക്കം മാത്രമാണെന്നും ബ്രിട്ടീഷ് ഗവേഷകർ അഭിപ്രായപ്പെടുന്നു.

കാൻസർ ചികിത്സാമേഖലയിലെ മുന്നേറ്റങ്ങളെ ചൂണ്ടിക്കാട്ടിയാണ് ആരോഗ്യവിദഗ്ധർ ഇക്കാര്യങ്ങൾ വിശദീകരിക്കുന്നത്. ശ്വാസകോശ അർബുദം നേരത്തേ കണ്ടെത്താനും ചികിത്സ നിശ്ചയിക്കാനും എഐ നിർണായക പങ്കുവഹിക്കും. രോഗികളുടെ സ്കാൻ പരിശോധനകൾ കൂടുതൽ വേഗത്തിലും കാര്യക്ഷമമായും നടത്താൻ കഴിയുമെന്നും അവർ ചൂണ്ടിക്കാണിക്കുന്നു. സ്കാനുകളിലെ സൂക്ഷ്മമായ അസാധാരണത്വങ്ങൾ തിരിച്ചറിയുന്നതിലൂടെ, നേരത്തെ ശ്രദ്ധിക്കപ്പെടാതെ പോയേക്കാവുന്ന ലക്ഷണങ്ങൾ വേഗത്തിൽ തിരിച്ചറിയാൻ നിർമിതബുദ്ധിയുടെ സഹായം തേടാമെന്ന് യുകെ ആരോഗ്യവിദഗ്ധർ വ്യക്തമാക്കുന്നു.

എഐ നടത്തുന്ന സ്കാൻ വിശകലനങ്ങൾക്കു ശേഷം, റേഡിയോളജി വിഭാഗം തുടർപരിശോധന ആവശ്യമാണോ എന്നു വിലയിരുത്തും. ശ്വാസകോശ അർബുദ സാധ്യത നേരത്തേ പരിശോധിക്കാനും അടിയന്തരമായി നടത്തേണ്ട സ്കാനുകൾക്കും ചികിത്സയ്ക്കും മുൻഗണന നൽകാൻ ഇതു സഹായകമാകും.

ഒറ്റ ആശുപത്രി സന്ദർശനത്തിൽത്തന്നെ രോഗാവസ്ഥയിലുള്ള വ്യക്തിക്ക് എക്സ്-റേയും സിടി സ്കാനും വേഗത്തിൽ പൂർത്തിയാക്കി റേഡിയോഗ്രഫറുടെ റിപ്പോർട്ട് തേടാൻ കഴിയും. ദിവസങ്ങൾ വേണ്ടിവരുന്ന പരിശോധനകളാണു നിർമിതബുദ്ധിയുടെ സഹായത്തോടെ ഡോക്ടർമാർ വേഗത്തിൽ പൂർത്തിയാക്കുക. അന്തിമ തീരുമാനമെടുക്കാൻ എഐ ഡോക്ടറെ സഹായിക്കുമെങ്കിലും, മനുഷ്യൻറെ വൈദഗ്ധ്യത്തിന് അതൊന്നും പകരമാകില്ലെന്നും അതോടൊപ്പം ആരോഗ്യവിദഗ്ധർ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നുണ്ട്.

100 വർഷത്തെ മുന്നേറ്റം 5 വർഷംകൊണ്ട്

കാൻസർ ഉൾപ്പെടെയുള്ള മിക്ക രോഗങ്ങൾക്കും അഞ്ചു മുതൽ പതിനഞ്ചു വർഷത്തിനുള്ളിൽ നിർമിത ബുദ്ധിയിലൂടെ ചികിത്സ കണ്ടെത്താനാകുമത്രെ! ഡാറ്റ വിശകലനം ചെയ്യുന്നതിനപ്പുറം, ജൈവശാസ്ത്രജ്ഞരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും എഐക്കു സാധിക്കും. വരുന്ന അമ്പതു മുതൽ നൂറു വർഷം കൊണ്ട് സംഭവിക്കാവുന്ന വൈദ്യശാസ്ത്ര മുന്നേറ്റങ്ങൾ അഞ്ചു മുതൽ പത്തു വർഷത്തിനുള്ളിൽ സാധ്യമാക്കാൻ നിർമിതബുദ്ധിക്കു കഴിയും.വരുംനാളുകളിൽ ആരോഗ്യരംഗത്തു വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ എഐ നിർണായക പങ്കുവഹിക്കുമെന്ന് ഗൂഗിൾ ഡീപ് മൈൻഡ് മേധാവികൾ നേരത്തെ അഭിപ്രായപ്പെട്ടിരുന്നു. ഗുരുതര രോഗങ്ങൾ ഭേദമാക്കാനും കൂടുതൽ ആരോഗ്യകരമായ ജീവിതം സാധ്യമാക്കാനും എഐ വഴിതുറക്കും. 2030-ഓടെ ആരോഗ്യരംഗത്ത് എഐ വിപ്ലവംതന്നെ സംഭവിക്കുമെന്നാണ് ആരോഗ്യവിദഗ്ധർ വിലയിരുത്തുന്നത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



ക്രിസ്തുമസ് – ന്യൂ ഇയർ ബമ്പർ 2026-27 ഭാഗ്യക്കുറി ടിക്കറ്റ് പ്രകാശനം മുഖ്യമന്ത്രി വി.ഡി സതീശൻ നിർവഹിക്കുന്നു. നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മിൻഹാജ് ആലം, ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ ഇമ്പശേഖർ കെ, എന്നിവർ സമീപം.

ക്രിസ്മസ്ന്യൂ ഇയർ ബംബർ ചരിത്രത്തിലെ ഏറ്റവും വലിയ സമ്മാനത്തുക : മുഖ്യമന്ത്രി

ക്രിസ്മസ്ന്യൂ ഇയർ ബംബർ ടിക്കറ്റ് പ്രകാശനം ചെയ്തു

കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ ക്രിസ്മസ് ന്യൂ ഇയർ ബംബർ ചരിത്രത്തിലെ ഏറ്റവും വലിയ തുകയാണ് ഇത്തവണ സമ്മാനമായി നൽകുന്നതെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. ഒന്നാം സമ്മാനമായി 25 കോടി രൂപ നൽകുന്ന ക്രിസ്മസ് ന്യൂ ഇയർ ബംബർ ടിക്കറ്റ് പ്രകാശനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

20 കോടി ആയിരുന്ന ക്രിസ്മസ് ന്യൂ ഇയർ ബംബർ ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനം 25 കോടി രൂപയായി ഉയർത്തിയിരിക്കുകയാണ്. രണ്ടാം സമ്മാനമായി ഒരു കോടി രൂപ വീതം 24 പേർക്കും മൂന്നാം സമ്മാനമായി 10 ലക്ഷം രൂപ വീതം 24 പേർക്കും നാലാം സമ്മാനമായി 5 ലക്ഷം രൂപ വീതം 24 പേർക്കും അഞ്ചാം സമ്മാനമായി ഒരു ലക്ഷം രൂപ വീതം 108 പേർക്കു വരെ ലഭിക്കും. വിവിധ സമ്മാനങ്ങളിലായി ആകെ 7,66,992 സമ്മാനങ്ങളാണ് നൽകുന്നത്.

കൂടാതെ ഒന്നാം സമ്മാനം ലഭിക്കുന്ന ടിക്കറ്റ് വില്പന നടത്തിയ ഏജന്റിന് രണ്ടര കോടി രൂപ കമ്മീഷനായി ലഭിക്കും എന്നതും ഈ ബംബർ ഭാഗ്യക്കുറിയുടെ പ്രത്യേകതയാണ്. ഒരു കോടി, 10 ലക്ഷം, 5 ലക്ഷം, ഒരു ലക്ഷം വീതം തുക സമ്മാനം ലഭിക്കുന്ന ടിക്കറ്റ് വില്പന നടത്തിയ ഏജന്റുമാർക്ക് യഥാക്രമം 10 ലക്ഷം ഒരു ലക്ഷം. 50,000, 10,000 രൂപവീതവും കമ്മീഷനായി ലഭിക്കും.

ഓരോ 50 ടിക്കറ്റിനും 50 രൂപ സെയിൽസ് ഇൻസെന്റീവും സംസ്ഥാനതലത്തിൽ ഏറ്റവും കൂടുതൽ ടിക്കറ്റ് വിൽക്കുന്ന അംഗീകൃത ഏജന്റുമാർക്ക് യഥാക്രമം 50000, 35,000, 20,000 രൂപ സ്പെഷ്യൽ ഇൻസെന്റീവും ജില്ലാ തലത്തിൽ യഥാക്രമം 5000, 2500 രൂപ കോമൺ ഇൻസെന്റീവും ഏർപ്പെടുത്തിയിട്ടുണ്ട്

മുഖ്യമന്ത്രി മിടുമിടുക്കൻ; തനിക്ക് ഒരു പിണക്കവുമില്ലെന്ന് വെള്ളാപ്പള്ളി

ആലപ്പുഴ: മുഖ്യമന്ത്രി മിടുമിടുക്കനാണെന്നും എല്ലാവരും അദ്ദേഹത്തിന് ആ സർട്ടിഫിക്കറ്റ് നൽകിക്കഴിഞ്ഞുവെന്നും എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ. ആലപ്പുഴയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു വെള്ളാപ്പള്ളി. മുഖ്യമന്ത്രിയായ ശേഷം അദ്ദേഹം തന്നെയോ താൻ അങ്ങോട്ടോ വിളിച്ചിട്ടില്ലെന്നും വെള്ളാപ്പള്ളി വ്യക്തമാക്കി.

പ്രതിപക്ഷ നേതാവായിരുന്നപ്പോൾ വി.ഡി. സതീശന് പക്വത കുറവുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ പക്വത വന്നു. . വരാതെ പറ്റില്ലല്ലോ എന്നും വെള്ളാപ്പള്ളി കൂട്ടിച്ചേർത്തു. സതീശനോട് തനിക്ക് പിണക്കമില്ല. മുൻപും പിണക്കമില്ലായിരുന്നുവെന്നും, അന്ന് പറഞ്ഞതൊക്കെ വിഷയാധിഷ്ഠിതമായ അഭിപ്രായങ്ങൾ മാത്രമാണെന്നും വെള്ളാപ്പള്ളി വിശദീകരിച്ചു.

മുസ്ലിം ലീഗിന് സ്ഥാനങ്ങൾ കൂടുതൽ കൊടുത്തോ ഇല്ലയോ എന്നതിൽ തനിക്ക് പരാതിയില്ല. വെള്ളാപ്പള്ളി കോൺഗ്രസിലെ അഭിപ്രായ വ്യത്യാസങ്ങൾ സ്വാഭാവികമാണ്. പിന്നീട് അവർ ഒന്നിക്കും. അഭിപ്രായം പറയാൻ നിന്നാൽ പറയുന്നവർ പിന്നീട് ഒറ്റപ്പെടുന്ന സാഹചര്യമാണ് ഉള്ളത്.സതീശനോട് എൻഎസ്എസ് പറഞ്ഞത് അവിടെ കയറി പോകരുതെന്നാണ്, താൻ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. എൻഎസ്എസുമായി പിണങ്ങിയതും ഇണങ്ങിയതുമൊക്കെ അവരുടെ കാര്യമാണ്. മുഖ്യമന്ത്രി കണിച്ചുകുളങ്ങരയിലേക്ക് വന്നാൽ സ്വീകരിക്കുമെന്നും വെള്ളാപ്പള്ളി പ്രതികരിച്ചു.

'ചോരയ്ക്ക് ചോര' എന്ന് പറഞ്ഞ മുഖ്യമന്ത്രിക്കെതിരെയാണ് ആദ്യം കേസെടുക്കേണ്ടത്": മധുസൂദനനെ ന്യായീകരിച്ച് കെ.കെ. രാഗേഷ്

കണ്ണൂർ: പയ്യന്നൂരിൽ മുൻ എംഎൽഎ ടി.ഐ. മധുസൂദനൻ നടത്തിയ വിവാദ പ്രസംഗത്തെ പൂർണ്ണമായും ന്യായീകരിച്ച് സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറി കെ.കെ. രാഗേഷ് . നേരത്തേ മുഖ്യമന്ത്രി വി.ഡി. സതീശൻ നടത്തിയ കൊലവിളി പ്രസംഗം ആർക്കും പ്രശ്നമല്ലേയെന്നും, 'ചോരയ്ക്ക് ചോര' എന്ന് പറഞ്ഞ മുഖ്യമന്ത്രിക്കെതിരെയാണ് ആദ്യം കേസെടുക്കേണ്ടതെന്നും രാഗേഷ് പ്രതികരിച്ചു.

വിഷയത്തിൽ മാധ്യമങ്ങൾ ഇരട്ടത്താപ്പ് കാണിക്കുകയാണ്. മുഖ്യമന്ത്രിയേക്കാൾ വലിയ ആളല്ല മധുസൂദനൻ. 'ചോരയ്ക്ക് ചോര' എന്നത് കടുത്ത പ്രയോഗമാണ്; അതിനേക്കാൾ വലുതല്ല 'പകരത്തിന് പകരം' എന്ന് പറയുന്നത്. മുഖ്യമന്ത്രിയുടെ പ്രസംഗത്തെ ആരെങ്കിലും വിമർശിച്ചോ എന്ന് ചോദിച്ച രാഗേഷ്, ഇപ്പോൾ മധുസൂദനൻറെ പ്രസംഗത്തിൽ മാത്രം ഇത്ര ആവേശം കാണിക്കുന്നത് എന്തിനാണെന്നും പരിഹസിച്ചു.

ആദ്യം മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ വിവാദമുണ്ടാക്കിയിട്ട് വരാനാണ് മാധ്യമങ്ങളോട് പറയാനുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി. ധനരാജ് വധക്കേസിൽ പാർട്ടി നേരത്തെ തന്നെ നിലപാട് വ്യക്തമാക്കിയിട്ടുള്ളതാണെന്നും രാഗേഷ് കൂട്ടിച്ചേർത്തു.പയ്യന്നൂരിൽ ഡിവൈഎഫ്ഐ സംഘടിപ്പിച്ച പരിപാടിയിലായിരുന്നു ടി.ഐ. മധുസൂദനൻറെ വിവാദ പ്രസംഗം. കണക്ക് പറയേണ്ടത് പാർട്ടി പറഞ്ഞു തന്നെ തീർക്കുമെന്നും, ചീമേനിയിൽ അഞ്ച് പേരെ ചുട്ടുകൊന്നവരെ കോടതി വെറുതെ വിട്ടെങ്കിലും അവരാരും ഇന്ന് ജീവനോടെ ഇല്ലെന്ന് ഓർക്കണമെന്നുമായിരുന്നു പരാമർശം. സംഭവത്തിൽ മധുസൂദനനെതിരെ നിയമനടപടി സ്വീകരിക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല വ്യക്തമാക്കിയതിന് പിന്നാലെയാണ് പ്രതിരോധവുമായി സിപിഎം ജില്ലാ സെക്രട്ടറി രംഗത്തെത്തിയത്.

യെമൻ യുവതിക്ക് അപ്പോളോ അഡ്ലക്സിൽ സങ്കീർണ്ണ റോബോട്ടിക് ശസ്ത്രക്രിയ

എറണാകുളം: ജന്മനായുള്ള പ്രത്യുൽപാദന വ്യവസ്ഥയിലെ വൈകല്യം പരിഹരിക്കുന്നതിനായി യെമൻ സ്വദേശിനിയായ 20-കാരിക്ക് കേരളത്തിലെ അപ്പോളോ അഡ്ലക്സ് ആശുപത്രിയിൽ റോബോട്ടിക് സഹായത്തോടെയുള്ള വജൈനൽ റീകൺസ്ട്രക്ഷൻ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി. ഡോ. ജോർജ് പോളിന്റെ നേതൃത്വത്തിൽ ഡോ. എലിസബത്ത് ജേക്കബിന്റെ സഹായത്തോടെ ഡാവിഞ്ചി (റമഢശിരശ) റോബോട്ടിക് സംവിധാനം ഉപയോഗിച്ചാണ് രോഗിയുടെ തന്നെ ഉദരഭിത്തിയിലെ പാളി ഉപയോഗിച്ച് യോനീനാളം നിർമ്മിക്കുന്ന 'ഡേവിഡോവ് ടെക്നിക്' (ഉമ്യറീ ലേരവിശൗല) നടത്തിയത്; ഇത് രക്തസ്രാവം വളരെ കുറച്ച് അതീവ കൃത്യതയോടെ ശസ്ത്രക്രിയ പൂർത്തിയാക്കാൻ സഹായിച്ചു. ശസ്ത്രക്രിയയുടെ പിറ്റേദിവസം തന്നെ ആശുപത്രി വിടാൻ സജ്ജയായിരുന്നെങ്കിലും, തുടർപരിചരണത്തിനുള്ള പ്രത്യേക പരിശീലനം നേടുന്നതിനായി യുവതി മൂന്നാഴ്ചയോളം ആശുപത്രി ഒരുക്കിയ താമസസ്ഥലത്ത് തുടർന്ന ശേഷമാണ് ആറുമാസത്തെ തുടർപരിശോധനാ നിർദ്ദേശങ്ങളോടെ യെമനിലേക്ക് മടങ്ങിയത്.

സുപ്രീംകോടതി വിധിയെ സ്വാഗതം ചെയ്ത് റാപ്പിഡോ

കൊച്ചി: കർണാടകയിലെ ബൈക്ക് ടാക്സി കേസിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രത്യേകാനുമതി ഹർജി തള്ളിയ സുപ്രീംകോടതി വിധിയെ സ്വാഗതം ചെയ്ത് റാപ്പിഡോ. ബൈക്ക് ടാക്സി മേഖലയ്ക്ക് കൂടുതൽ വ്യക്തതയും വളർച്ചയ്ക്ക് പുതിയ അവസരങ്ങളും നൽകുന്നതാണ് വിധിയെന്ന് റാപ്പിഡോ സഹസ്ഥാപകൻ പവൻ ഗുണ്ടപ്പള്ളി പറഞ്ഞു. നഗരങ്ങളിലെ ഗതാഗതക്കുരുക്ക് മറികടക്കുന്നതിനും യാത്രക്കാർക്ക് ചെലവ് കുറഞ്ഞ യാത്രാസൗകര്യം ഒരുക്കുന്നതിനും ബൈക്ക് ടാക്സികൾ സഹായിക്കുന്നുണ്ട്. കൂടാതെ ലക്ഷക്കണക്കിന് ക്യാപ്റ്റൻമാർക്ക് വരുമാനമാർഗവും നൽകുന്നു. സുരക്ഷിതവും ഉത്തരവാദിത്തപരവുമായ രീതിയിൽ ബൈക്ക് ടാക്സി സേവനങ്ങൾ വിപുലീകരിക്കുന്നതിനായി കർണാടക സർക്കാരുമായി സഹകരിക്കുമെന്നും കമ്പനി അറിയിച്ചു.

സുഹൃത്തുക്കൾക്കൊപ്പം കുളിക്കുന്നതിനിടയിൽ യുവാവ് മുങ്ങിമരിച്ചു

വൈക്കം: സുഹൃത്തുക്കൾക്കൊപ്പം കുളിക്കുന്നതിനിടയിൽ യുവാവ് മുങ്ങിമരിച്ചു. ഉദയനാപുരം തുറുവേലിക്കുന്ന് സ്വദേശി രമേശിൻറെ മകൻ ആസാദ് (25) ആണ് മരിച്ചത്. ഇന്ന് പുലർച്ചെ 1.45ഓടെ മറവൻതുരുത്ത് പഞ്ചിപ്പാലത്തിന് വടക്കുഭാഗത്തെ തോട്ടിലെ കടവിലായിരുന്നു സംഭവം.സമീപത്തെ റിസോർട്ടിലെ വിവാഹത്തോടനുബന്ധിച്ചുള്ള സൽക്കാരത്തിൽ പങ്കെടുത്ത ശേഷം കൂട്ടുകാർക്കൊപ്പം കുളിക്കാനിറങ്ങിയതായിരുന്നു. വെൽഡിംഗ് തൊഴിലാളിയാണ്.

മെഷീനറികൾ ഉപയോഗപ്പെടുത്താം

വ്യവസായ വകുപ്പിന്റെ കീഴിൽ ചങ്ങനാശ്ശേരിയിൽ പ്രവർത്തിക്കുന്ന കോമൺ ഫെസിലിറ്റി സർവീസ് സെന്ററിലെ ടൂൾ റൂം ഡിവിഷനിൽ സ്ഥാപിച്ചിട്ടുള്ള മെഷീനറികൾ ഉപയോഗപ്പെടുത്തുന്നതിനായി സംരംഭകരെ ക്ഷണിച്ചു. സിഎൻസി മില്ലിംഗ് മെഷീൻ, സർഫസ് ഗ്രൈൻഡർ, പ്ലെയിനർ, റേഡിയൽ ഡ്രില്ലിങ് മെഷീൻ, വിവിധ ലേത്തുകൾ ഉൾപ്പെടെയുള്ള മെഷീനറികൾ ഉപയോഗപ്പെടുത്തി മോൾഡ് നിർമ്മാണവും, മെഷീനിംഗ് പ്രവർത്തികളും നടത്താം. സ്വന്തമായി വർക്ഷോപ്പ് ഉള്ളവർക്കും ഇല്ലാത്തവർക്കും ഇവിടെയുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ അവസരമുണ്ട്. വിവരങ്ങൾക്ക്: 9446536007/ 7907856226, cfscchry@gmail.com, www.cfsc.org.in.

സ്കൂളിലെ വെടിവെയ്പ്പ് ; ഒമ്പതാം ക്ലാസ് വിദ്യാർഥിയെ ജുവനൈൽ ഹോമിലേക്ക് മാറ്റി

പാലക്കാട്: തൃത്താല പരതൂർ ഹയർസെക്കണ്ടറി സ്കൂളിലുണ്ടായ വെടിവെയ്പ്പ് സംഭവത്തിൽ അന്വേഷണം ഊർജ്ജിതമാക്കി പോലിസ്. കേസിലെ ആരോപണവിധേയനായ ഒമ്പതാം ക്ലാസ് വിദ്യാർഥിയെ ഡിസംബർ അഞ്ച് വരെ കോഴിക്കോട് വെള്ളിമാടുകുന്ന് ജുവനൈൽ ഹോമിലേക്ക് മാറ്റി.

അനധികൃതമായി തോക്ക് കൈവശം വെച്ചതിന് കുട്ടിയുടെ അമ്മയ്ക്കെതിരെ പോലിസ് കേസെടുത്തിട്ടുണ്ട്. വീഴ്ച വരുത്തിയ പരതൂർ സ്കൂൾ അധികൃതർക്കെതിരെയും വിദ്യാഭ്യാസ വകുപ്പിൻറെ കർശന നടപടിയുണ്ടാകും.

വിദ്യാർഥിയുടെ പക്കൽ നിന്നും പിടിച്ചെടുത്തത് ഉത്തരേന്ത്യൻ നിർമിതമായ, പ്രവർത്തനക്ഷമമായ 0.22 റിവോൾവറാണെന്ന് പരിശോധനയിൽ വ്യക്തമായി. ഇതിനുള്ളിലുണ്ടായിരുന്ന തിരകൾ (ബുള്ളറ്റ്) പഞ്ചാബിൽ നിർമിച്ചതാണെന്നും പോലിസ് കണ്ടെത്തിയിട്ടുണ്ട്. ലൈസൻസില്ലാത്ത ഈ നാടൻ തോക്ക് കുട്ടിയുടെ മുത്തച്ഛൻറേതാണെന്നും വീട്ടിലെ അലമാരയിൽ സൂക്ഷിച്ചിരുന്നതാണെന്നുമാണ് പ്രാഥമിക നിഗമനം. എന്നാൽ, അലമാരയിലിരുന്ന തോക്ക് എങ്ങനെയാണ് വിദ്യാർഥിയുടെ കൈവശം എത്തിയതെന്ന കാര്യത്തിൽ പോലിസ് വിശദമായ അന്വേഷണം നടത്തിവരികയാണ്.

അതേസമയം, വെടിയേറ്റ് പരിക്കേറ്റ വിദ്യാർഥിയുടെ ആരോഗ്യനില തൃപ്തികരമാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. കുട്ടി ഒരു ദിവസം കൂടി കോട്ടയ്ക്കലിലെ സ്വകാര്യ ആശുപത്രിയിൽ നിരീക്ഷണത്തിൽ തുടരും. ശസ്ത്രക്രിയയിലൂടെ കുട്ടിയുടെ ശരീരത്തിൽ നിന്നും പുറത്തെടുത്ത വെടിയുണ്ട തുടർപരിശോധനകൾക്കായി തൃത്താല പോലിസ് ഇന്ന് ആശുപത്രിയിൽ നിന്നും ശേഖരിക്കും.

നെഹ്റുവിനെ ഏറ്റവും കൂടുതൽ വിമർശിച്ച അംബേദ്കറാണ് അന്ന് നിയമമന്ത്രിയായത്; ഒളിയമ്പുമായി മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ കോൺഗ്രസ് നേതാക്കൾക്കിടയിൽ നിലനിൽക്കുന്ന അഭിപ്രായവ്യത്യാസങ്ങളിലും തർക്കങ്ങളിലും പരോക്ഷ മറുപടിയുമായി മുഖ്യമന്ത്രി വി. ഡി. സതീശൻ. ജവഹർലാൽ നെഹ്റുവിനെ ഏറ്റവും രൂക്ഷമായി വിമർശിച്ചിരുന്ന വ്യക്തിയായിരുന്നു ഡോ. ബി. ആർ. അംബേദ്കറെന്നും, എന്നാൽ നെഹ്റു പ്രധാനമന്ത്രിയായപ്പോൾ അംബേദ്കർ ആയിരുന്നു നിയമമന്ത്രിയെന്നും അദ്ദേഹം ഓർമിപ്പിച്ചു.

ഭരണഘടനാ നിർമാണത്തിൻറെ ചുമതല നെഹ്റു ഏൽപ്പിച്ചതും അംബേദ്കറെ തന്നെയായിരുന്നു. ഇന്നായിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതിയെന്നും മുഖ്യമന്ത്രി ചോദിച്ചു. വിമർശനങ്ങളിൽ കാമ്പുണ്ടെന്ന് തിരിച്ചറിഞ്ഞ് വിമർശകരെ ചേർത്തുപിടിക്കുന്ന സമീപനമാണ് നെഹ്റു സ്വീകരിച്ചതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഭരണഘടന കൈയിൽ കരുതാതെ താൻ നിയമസഭയിലേക്ക് പോകാറില്ലെന്നും, അത് മുന്നിലിരിക്കുമ്പോൾ വലിയ ആത്മവിശ്വാസമാണ് നൽകുന്നതെന്നും വി. ഡി. സതീശൻ പറഞ്ഞു.

ആധുനിക കാലത്തെ ഡിജിറ്റൽ നിരീക്ഷണങ്ങളെക്കുറിച്ചും മുഖ്യമന്ത്രി പ്രസംഗത്തിൽ പരാമർശിച്ചു. സിസിടിവി ക്യാമറകളും മൊബൈൽ ഫോണുകളും ഉൾപ്പെടെയുള്ളവയിലൂടെ നാം എല്ലാവരും നിരന്തര നിരീക്ഷണത്തിലാണ്. ഒരു മാളിൽ പോയി തിരികെ വന്നാൽ ഉടൻ തന്നെ ഇന്നയിന്ന സാധനങ്ങൾ വാങ്ങൂ എന്ന സന്ദേശങ്ങളാണ് ഫോണിലേക്ക് എത്തുന്നത്. അഭിപ്രായ സ്വാതന്ത്ര്യം (ഫ്രീഡം ഓഫ് എക്സ്പ്രഷൻ) എന്നത് മാറി ചിന്താസ്വാതന്ത്ര്യം (ഫ്രീഡം ഓഫ് തിങ്കിംഗ്) എന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുകയാണ്. സ്വന്തം ഫോൺ പോലും നിരീക്ഷണത്തിലായതിനാൽ താൻ ഇടയ്ക്കൊക്കെ കാര്യങ്ങൾ തെറ്റിച്ചാണ് പറയാറുള്ളതെന്നും അദ്ദേഹം നർമം കലർത്തി കൂട്ടിച്ചേർത്തു.

യുവതിയെ കഴുത്തുഞെരിച്ച് കൊലപ്പെടുത്തി കിണറ്റിൽ തള്ളിയ കേസ്: രണ്ടാം ഭർത്താവ് കുറ്റക്കാരൻ

തലശേരി: യുവതിയെ കഴുത്തുഞെരിച്ച് കൊലപ്പെടുത്തി കിണറ്റിൽ തള്ളിയ കേസിൽ രണ്ടാം ഭർത്താവിനെ കോടതി കുറ്റക്കാരനാണെന്നു കണ്ടെത്തി. കർണാടക സ്വദേശിനിയായ ശോഭയെ കൊലപ്പെടുത്തിയ കേസിൽ കർണാടക തുമകുരു തിമ്മരാജന ഹള്ളിയിലെ ടി.ആർ. മഞ്ജുനാഥനെ (44) ആണ് അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജ് സി.ജെ. ഡെന്നി കുറ്റക്കാരനാണെന്ന് കണ്ടെത്തിയത്. ശിക്ഷ വെള്ളിയാഴ്ച പറയും.അമ്മയെ കൊലപ്പെടുത്തിയ കേസിൽ 15 വയസുള്ള കുട്ടി അടക്കം മൊഴി നൽകിയ ഈ കേസിനെ ആസ്പദമാക്കി ഉയിർ എന്ന സിനിമ വന്നിരുന്നു.

കേസിൽ മൂന്നാംസാക്ഷിയായാണ് കുട്ടിയെ വിസ്തരിച്ചിരുന്നത്. കുട്ടിയുടെ അമ്മയെ രണ്ടാം ഭർത്താവായ പ്രതി കൊലപ്പെടുത്തി ഇരിട്ടിയിൽ കിണറ്റിൽ തള്ളിയെന്നായിരുന്ന പ്രോസിക്യൂഷൻ കേസ്. മലപ്പുറം പാണ്ടിക്കാടാണ് സംഭവത്തിന് മുമ്പ് പ്രതി താമസിച്ചിരുന്നത്. ഇരിട്ടി പൊലിസ് സ്റ്റേഷൻ പരിധിയിൽ 2017 ജനുവരി 21നാണ് യുവതിയെ മരിച്ച നിലയിൽ കണ്ടെത്തിയത് .

അസ്വഭാവിക മരണത്തിനാണ് കെസെടുത്തത്.2017 മേയ് ആറിന് കുറ്റപത്രം നൽകി. മഞ്ജുനാഥ് രണ്ടാം ഭാര്യ ശോഭയും ശോഭയുടെ രണ്ടു മക്കളൊടുമൊപ്പം ഇരിട്ടിയിൽ ടെൻറ് കെട്ടിയാണ് താമസിച്ചിരുന്നത്. നാട്ടിൽ ഭാര്യയുള്ള മഞ്ജുനാഥ് അങ്ങോട്ട് പോകുന്നത് ശോഭ തടഞ്ഞതാണ് കൊലപാതകത്തിന് കാരണം. ശോഭയുടെ ദേഹത്ത് കയറിയിരുന്ന് കഴുത്ത് ഞെരിച്ച് ബോധം കെടുത്തിയാണ് കൊലപ്പെടുത്തിയത്.അമ്മയെ കഴുത്തിന് പിടിച്ചുകൊന്നു. അമ്മ പിടയുന്ന ശബ്ദംകേട്ടു. അമ്മയെ കിണറ്റിൽ തള്ളി ഞങ്ങളുടെ കൂടെ വന്നുകിടന്നുവെന്നായിരുന്നു കുട്ടിയുടെ മൊഴി. പിറ്റേദിവസം ബസിൽ മൈസൂരുവിൽ നിന്ന് ബംഗളൂരുവിലേക്ക് പോയി. അവിടെ റെയിൽവേ സ്റ്റേഷനിൽ നിന്ന് കുട്ടികളെ മുബൈയിലേക്ക് ട്രെയിൻകയറ്റി വിട്ടതായ പൊലിസ് കണ്ടെത്തുകയായിരുന്നു.

'കോൺഗ്രസിലെ പ്രശ്നങ്ങൾ തീർക്കാൻ പറ്റുന്ന നേതൃത്വം കേരളത്തിലും കേന്ദ്രത്തിലുമുണ്ട്": കെ. മുരളീധരൻ

കണ്ണൂർ: കോൺഗ്രസിൽ വലിയ പ്രശ്നം ഉണ്ടെന്നത് വെറും മാധ്യമ സൃഷ്ടി മാത്രമാണെന്ന് ആരോഗ്യമന്ത്രി കെ. മുരളീധരൻ. ജനകീയ വിഷയങ്ങളിൽ ഇടപെട്ട് സംസ്ഥാന സർക്കാർ നല്ല രീതിയിൽ മുന്നോട്ടു പോവുകയാണ്. കോൺഗ്രസിലെ പ്രശ്നങ്ങൾ തീർക്കാൻ പറ്റുന്ന നേതൃത്വം സംസ്ഥാനത്തും കേന്ദ്രത്തിലുമുണ്ടെന്നും അദ്ദേഹം പറഞ്ഞു. കണ്ണൂരിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.സർക്കാർ വേറെ ഭരണകൂടം വേറെ എന്ന എം.വി. ഗോവിന്ദൻറെ പ്രതികരണവും ആ തത്വത്തെക്കുറിച്ചും അദ്ദേഹത്തിനു മാത്രമേ അറിയൂ. അവരുടെ പാർട്ടിക്കാർക്കു പോലും അത് അറിയില്ല. പിന്നെയല്ലേ കോൺഗ്രസുകാരനായ എനിക്കെന്നും മുരളീധരൻ പറഞ്ഞു.തൃശൂർ മെഡിക്കൽ കോളജിലെ ശുചിമുറിയിൽ മൃതദേഹം കണ്ടെത്തിയ സംഭവത്തിൽ അന്വേഷണം നടക്കുകയാണ്. എങ്കിലും മരിച്ചയാൾക്കൊപ്പം ബൈ സ്റ്റാൻഡർ ഉണ്ടായിരുന്നില്ല.19, 20 തീയതികളിൽ ബാത്റൂം വൃത്തിയാക്കിയിരുന്നു. ആ സമയത്ത് മൃതദേഹം കണ്ടിരുന്നില്ലെന്നായിരുന്നു മന്ത്രിയുടെ പ്രതികരണം.

മോട്ടോറോള എഡ്ജ് 70 നിയോ പുറത്തിറക്കി

തിരുവനന്തപുരം: അത്യാധുനിക ഫീച്ചറുകളുമായി മോട്ടോറോളയുടെ പുതിയ സ്മാർട്ട്ഫോൺ എഡ്ജ് 70 നിയോ ഇന്ത്യയിൽ അവതരിപ്പിച്ചു. 50 മെഗാപിക്സൽ സോണി ലിഷ്യ 710 ക്യാമറ, 6.8 ഇഞ്ച് 1.5കെ എക്സ്ട്രീം അമോലെഡ് ഡിസ്പ്ലേ, സ്നാപ്ഡ്രാഗൺ 7എസ് ജൻ 3 പ്രോസസർ, 7000 എംഎഎച്ച് ബാറ്ററി എന്നിവയാണ് പ്രധാന സവിശേഷതകൾ. 8 ജിബി റാം, 128 ജിബി സ്റ്റോറേജ് പതിപ്പിന്റെ വില 40,999 രൂപയാണ്. ഉദ്ഘാടനത്തോടനുബന്ധിച്ചുള്ള 3,000 രൂപയുടെ പ്രത്യേക ഡിസ്കൗണ്ടും 3,000 രൂപ ബാങ്ക് കാഷ്ബാക്കും ഉൾപ്പെടെ 34,999 രൂപയ്ക്ക് ഫോൺ സ്വന്തമാക്കാം

